15
ചൊവ്വ
മാർച്ച് 2022
1197 മീനം 1
Vol 4 Issue No102

# കേരള പ്രണാമം

സത്യം വദഃ ധർമ്മം ചരഃ

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com

## പ്രതിപക്ഷം തുറന്നുകാട്ടപ്പെട്ടു; ആത്മാർഥമായി എതിർക്കാൻ അവർക്കും സാധിക്കുന്നില്ല ;മുഖ്യമന്ത്രി

**തിരുവനന്തപുരം:** കെ- റെയിൽ കേരളത്തിന് സാമ്പത്തിക-പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന പ്രതിപക്ഷ ആരോപണങ്ങൾക്ക് മറുപടിനൽകി മുഖ്യന്ത്രി പിണറായി വിജയൻ. സിൽവർ ലൈനിനെ ആത്മാർഥമായി എതിർക്കാൻ പ്രതിപക്ഷത്തിന് സാധിക്കുന്നില്ലെന്നും രാഷ്ട്രീയ ലക്ഷ്യം മുൻനിർത്തിയുള്ള പ്രതിഷേധം മാത്രമാണ് നടക്കുന്നതെന്നും പിണറായി പറഞ്ഞു. പ്രതിപക്ഷം അവതരിപ്പിച്ച അടയന്തര പ്രമേയത്തിന് മറുപടി നൽകുകയായിരുന്നു മുഖ്യമന്ത്രി. അടിയന്തര പ്രമേയം ചർച്ചചെയ്യുമ്പോൾ അത് ഇത്രമാത്രം ഗുണംചെയ്യുമെന്ന് കരുതിയിരുന്നില്ലെന്ന് പറഞ്ഞുകൊണ്ടാണ് പിണറായി പ്രസംഗം ആരംഭിച്ചത്. ഇപ്പോൾ പ്രതിപക്ഷ നിര തുറന്നുകാട്ടപ്പെട്ടിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. സിൽവർ ലൈൻ കാലഹരണപ്പെട്ട സാങ്കേതികവിദ്യയാണ് ഉപയോഗിക്കുന്നതെന്ന വാദത്തെ മുഖ്യമന്ത്രി തള്ളിക്കളഞ്ഞു. പരിസ്ഥിതി സൗഹാർദ്ദവും ഊർജ്ജ പുനരുൽപാദന സാധ്യതയുള്ളതുമാണ് പദ്ധതിയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രതിപക്ഷത്തിന്റെ വിമർശനങ്ങൾക്ക് അക്കമിട്ട് മുഖ്യമന്ത്രി മറുപടി നൽകി. കേരളത്തിന്റെ പൊതു കടത്തെ സംബന്ധിച്ച വിമർശനങ്ങളെ കോൺഗ്രസ് ഭരിക്കുന്നതടക്കം മറ്റു സംസ്ഥാനങ്ങളുടെ കടവുമായി താരതമ്യം ചെയ്താണ് പിണറായി മറുപടി നൽകിയത്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി പരിതാപകരമാണെന്ന ആരോപണത്തെ കോൺഗ്രസ് ഭരിച്ച കാലത്തെ സാമ്പത്തിക നിലയുമായി താരതമ്യം ചെയ്തുകൊണ്ട് മുഖ്യമന്ത്രി നേരിട്ടു. കെ റെയിൽ പോലുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് വായ്പയെടുക്കുക എന്നത് സ്വാഭാവിക രീതിയാണ്. നാൽപത് വർഷം കൊണ്ട് അടച്ചുതീർക്കേണ്ട വായ്പയാണ് കെ റെയിലിനായി എടുക്കുന്നത്. വരുന്ന നാൽപതു വർഷത്തിനിടയിൽ കേരളത്തിൽ വലിയ സാമ്പത്തിക വളർച്ചയാണ് വരാൻ പോകുന്നത്. അതുകൊണ്ടുതന്നെ വായ്പയെടുക്കുന്നതിൽ തകരാറില്ല. സംസ്ഥാനത്തിന്റെ ഭാവിയെ മുൻനിർത്തി പദ്ധതി നടപ്പാക്കുന്നതിനാണ് പ്രാധാന്യം കൊടുക്കേണ്ടതെന്നും മുഖ്യമന്ത്രി പറഞ്ഞു. കെ റെയിൽ പശ്ചിമഘട്ടം തകർക്കുമെന്ന് പറയുന്നതിൽ ഒരു അടിസ്ഥാനവുമില്ല. നിർമാണ സാമഗ്രികൾ പരിസ്ഥിതി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കണ്ടെത്താവുന്നതേയുള്ളൂ. വനമേഖലയുമായി ബന്ധപ്പെട്ട പരിസ്ഥിതി ദുർബല പ്രദേശത്തുകൂടി കെ റെയിൽ കടന്നുപോകുന്നില്ല. പദ്ധതി കടന്നുപോകുന്ന ഒരു സ്ഥലത്തും പ്രോട്ടക്ടഡ് ഏരിയയോ നാഷണൽ പാർക്കുകളോ ഇല്ല. മാടായിപ്പാറയിൽ തുരങ്കങ്ങളിലൂടെയാണ് സിൽവർ ലൈൻ കടന്നുപോകുന്നത്. കടലുണ്ടി പക്ഷിസങ്കേതത്തിൽ നിലവിലുള്ള റെയിൽവേലൈനിന് സമാന്തരമായാണ് പോകുന്നത്. നെൽവയലുകളിലും കോൾനിലങ്ങളിലും മേൽപാലങ്ങളിലൂടെയാണ് റെയിൽ കടന്നുപോകുന്നത്. ഏറ്റവും കുറവ് പാരിസ്ഥിതകാഘാതം ഉണ്ടാക്കുന്ന, പരിസ്ഥിതിയെ സംരക്ഷിക്കുന്ന പദ്ധതിയാണിത്, മുഖ്യമന്ത്രി വ്യക്തമാക്കി. സിൽവർ ലൈൻ കേരളത്തെ രണ്ടായി മുറിക്കും എന്ന വാദത്തെയും മുഖ്യമന്ത്രി തള്ളിക്കളഞ്ഞു. നിലവിലുള്ള റോഡുകൾ നിലനിർത്താൻ അടിപ്പാതകളോ മേൽപാലങ്ങളോ നിർമിക്കും. പാത മുറിച്ചുകടക്കാൻ അഞ്ഞൂറ് മീറ്റർ ഇടവിട്ട് പാത നിർമിക്കും. റെയിൽ പാതയോടനുബന്ധിച്ച് രണ്ടാൾ പൊക്കത്തിലുള്ള മതിൽ ഉയരുമെന്ന പ്രചാരണം വസ്തുതാവിരുദ്ധമാണ്. വീടും വസ്തുവും നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പുവരുത്തുന്നുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.കെ റെയിലിന് എതിരായി നടക്കുന്ന നീക്കങ്ങൾ നാടിനെതിരായ നീക്കമാണ്. സങ്കുചിതമായ രാഷ്ട്രീയ ലക്ഷ്യങ്ങൾ വെച്ചുകൊണ്ട് പദ്ധതിയെ എതിർക്കരുത്. പ്രതിപക്ഷത്തിന് പദ്ധതിയെ ആത്മാർഥമായി എതിർക്കാൻ കഴിയുന്നില്ല. അതുകൊണ്ടാണ് പ്രതിപക്ഷത്തിന്റെ എതിർപ്പിന്റെ മൂർച്ച കുറഞ്ഞിരിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. സർക്കാർ കൊണ്ടുവന്ന എല്ലാ പദ്ധതികളെയും പ്രതിപക്ഷം എതിർത്തിട്ടുണ്ട്. എതിർപ്പുണ്ട് എന്നതുകൊണ്ട് പദ്ധതി നടപ്പാക്കാതിരിക്കാനാവില്ല. ദേശീയപാതാ വികസനം, ഗെയ്ൽ പൈപ്പ് ലൈൻ, പവർ ഹൈവേ, കെ ഫോൺ തുടങ്ങി എതിർപ്പുകൾ നേരിട്ട് യാതാർഥ്യമാക്കുന്ന പദ്ധതികൾ മുഖ്യമന്ത്രി അക്കമിട്ടു നിരത്തി. ഇതും നടപ്പാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. പ്രതിപക്ഷം ഉന്നയിച്ച വാദങ്ങൾക്ക് മറുപടി നൽകാൻ മുഖ്യമന്ത്രിക്ക് സാധിച്ചില്ലെന്ന് പ്രതിപക്ഷം ആരോപിച്ചു. ചില കാര്യങ്ങളിൽ ഡിപിആറിനെ ആശ്രയിച്ചുകൊണ്ടും മറ്റുചില വിഷയങ്ങളിൽ ഡിപിആറിനെ തള്ളിക്കൊണ്ടുമായിരുന്നു മറുപടിയെന്നും പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പറഞ്ഞു. സ്പീക്കർ അടിയന്തര പ്രമേയം തള്ളിയതിനെ തുടർന്ന് പ്രതിപക്ഷം സഭയിൽനിന്ന് ഇറങ്ങിപ്പോയി.



## അമരീന്ദർ സിങ്ങിനെ മാറ്റാൻ വൈകിപ്പോയി; പിഴവ് പറ്റിയെന്ന് സമ്മതിച്ച് സോണിയ ഗാന്ധി



**ന്യൂഡൽഹി:**അധികാരം നിലനിർത്തുമെന്ന് കോൺഗ്രസ് ഏറെ പ്രതീക്ഷയർപ്പിച്ച സംസ്ഥാനമായിരുന്നു. അവിടെ തകർന്ന് തരിപ്പണമായത് കോൺഗ്രസ് നേതൃത്വത്തെ ചെറുതല്ലാത്ത രീതിയിൽ ഉലച്ചിട്ടുണ്ട്. അമരീന്ദർ സിങ്ങിനെ മാറ്റിയത് തിരിച്ചടിയായെന്നും ഇല്ലെന്നും അഭിപ്രായമുണ്ട്. 68 എംഎൽഎമാർ പരാതി പറയുമ്പോൾ എങ്ങനെയാണ് മാറ്റാതിരിക്കുകയെന്നാണ് രാഹുൽ ഗാന്ധി ചോദിക്കുന്നത്. അമരീന്ദറിനെ മാറ്റിയത് വൈകിപ്പോയെന്നും അത് തന്റെ പിഴവാണെന്നും തുറന്ന് സമ്മതിക്കുകയാണ് കോൺഗ്രസിന്റെ ഇടക്കാല അധ്യക്ഷ സോണിയ ഗാന്ധി. ഞായറാഴ്ച ചേർന്ന പ്രവർത്തക സമിതി യോഗത്തിലാണ് സോണിയ ഗാന്ധി ഇക്കാര്യം തുറന്ന് സമ്മതിച്ചത്. പാർട്ടിയിലെ ഉൾപ്പോരും ഒപ്പം അമരീന്ദർ സിങ്ങിനെ മാറ്റിയതുമാണ് പഞ്ചാബിലെ തോൽവിക്ക് കാരണമെന്നും സംസ്ഥാനത്തിന്റെ ചുമതലയുള്ള ഹരീഷ് ചൗധരി ഉന്നയിച്ചത്. തോൽവിക്ക് കാരണം ചരൺജിത് സിങ് ചന്നിയുടെയും സിദ്ദുവിന്റേയും നേതൃത്വമാണെന്നാണ് ചൗധരി പറഞ്ഞുവെച്ചത്. അതേസമയം അമരീന്ദറിനെ മാറ്റാൻ വൈകിയതാണ് തോൽവിക്ക് കാരണമെന്നാണ് മറ്റൊരു കോൺഗ്രസ് നേതാവ് യോഗത്തിൽ അഭിപ്രായപ്പെട്ടത്. ഇതിന് മറുപടി പറഞ്ഞപ്പോഴാണ് സോണിയ ഗാന്ധി തനിക്ക് പറ്റിയ പിഴവ് ഏറ്റുപറഞ്ഞത്. കോൺഗ്രസിൽ ക്യാപ്റ്റന് എതിരെ നിരവധി പരാതികൾ ഉയർന്നിരുന്നു.എന്നാൽ എല്ലായിപ്പോഴും അദ്ദേഹത്തെ സംരക്ഷിച്ചിരുന്നുവെന്നും സോണിയ പറഞ്ഞു. അമരീന്ദറിനെ മാറ്റാൻ വൈകിപ്പോയെന്നും സോണിയ ഗാന്ധി കൂട്ടിച്ചേർത്തു. തിരഞ്ഞെടുപ്പിന് മാസങ്ങൾക്ക് മുൻപ മാത്രമാണ് 2021 സെപ്റ്റംബറിൽ അമരീന്ദറിനെ മാറ്റിയ ശേഷം ചന്നിയെ മുഖ്യമന്ത്രി സ്ഥാനത്തേക്ക് കൊണ്ടുവന്നത്. അപ്പോഴേക്കും കാര്യങ്ങൾ കൈവിട്ട് പോകുകയും ഭരണവിരുദ്ധ വികാരം രൂക്ഷമാകുകയും ചെയ്തിരുന്നു. തന്നെ മാറ്റിയതിൽ പ്രതിഷേധിച്ച് അമരീന്ദർ പാർട്ടി വിടുകയും പിന്നീട് സ്വന്തം പാർട്ടി രൂപീകരിച്ച് ബിജെപിയുമായി സഖ്യത്തിലാവുകയും ചെയതു. തിരഞ്ഞെടുപ്പിൽ മത്സരിച്ച ക്യാപ്റ്റന് പക്ഷേ ആം ആദ്മി സ്ഥാനാർഥിക്ക് മുന്നിൽ അടിതെറ്റി. 19,873 വോട്ടുകൾക്കായിരുന്നു പട്യാലയിൽ അമരീന്ദറിന്റെ തോൽവി. 117 അംഗ നിയമസഭയിൽ വെറും 18 സീറ്റുകളിൽ മാത്രമാണ് കോൺഗ്രസിന് വിജയിക്കാൻ കഴിഞ്ഞത്. 92 സീറ്റുകൾ നേടി എഎപി അധികാരത്തിൽ എത്തുകയും ചെയ്തു.




## രണ്ടു വർഷത്തെ ജോലിക്ക് പെൻഷൻ? ഈ രീതി ലോകത്ത് മറ്റൊരിടത്തുമില്ല; പേഴ്സണൽ സ്റ്റാഫ് വിഷയത്തിൽ സംസ്ഥാന സർക്കാരിനെതിരെ രൂക്ഷ വിമർശനവുമായി സുപ്രീം കോടതി

**ന്യൂഡൽഹി:** മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് നിയമന വിഷയത്തിൽ സംസ്ഥാന സർക്കാരിനെതിരെ രൂക്ഷ വിമർശനവുമായി സുപ്രീം കോടതി.രണ്ടു വർഷം കഴിഞ്ഞാൽ പെൻഷൻ കൊടുക്കുന്ന കീഴ്വഴക്കം ലോകത്ത് മറ്റൊരിടത്തുമില്ലെന്ന് പറഞ്ഞ കോടതി സർക്കാരിന് ഇത്രയുംആസ്തിയുണ്ടോയെന്നചോദ്യവുമുയർത്തി. ഇന്ധനവിലയുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഹർജി പരിഗണിക്കവേയാണ് ജസ്റ്റിസ് എസ് അബ്ദുൾ നസീർ സംസ്ഥാനത്തെ കടുത്ത ഭാഷയിൽ വിമർശിച്ചത്.പൊതുമേഖലാ എണ്ണക്കമ്പനികൾ ബൾക്ക് പർച്ചേസായി ഇന്ധനം വാങ്ങുന്നവർക്ക് അധിക തുക ഈടാക്കുന്നു എന്നു ചൂണ്ടിക്കാട്ടിയാണ് കെഎസ്ആർടിസി സുപ്രീം കോടതിയെ സമീപിച്ചത്. ലിറ്ററിന് ഏകദേശം ആറു രൂപ അധികമായി നൽകേണ്ടി വരുന്നുണ്ടെന്നും, ഇന്ധന വില നിശ്ചയിക്കുന്നതിനു വേണ്ടി ഒരു സ്വതന്ത്ര റെഗുലേറ്ററി അതോറിറ്റിയെ നിയമിക്കാൻ നിർദേശം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് ഹർജി സമർപ്പിച്ചത്. സംസ്ഥാനം വലിയ പ്രതിസന്ധിയിലാണെന്നാണ് സർക്കാരിനു വേണ്ടി ഹാജരായ അഭിഭാഷകൻ കോടതിയിൽ ചൂണ്ടിക്കാണിച്ചത്. വലിയ സാമ്ബത്തിക പ്രതിസന്ധിയിലാണെങ്കിൽ എന്തുകൊണ്ടാണ് പേഴ്സണൽ സ്റ്റാഫുകൾക്ക് ഈ രീതിയിൽ പെൻഷൻ അനുവദിക്കുന്നുവെന്ന് കോടതി ചോദിച്ചു. ഇതുമായി ബന്ധപ്പെട്ട് കോടതിയുടെ ശ്രദ്ധയിൽ പെട്ട ഒരു വാർത്ത ശകലം ചൂണ്ടിക്കാട്ടിക്കൊണ്ടാണ് ഈ പരാമർശം നടത്തിയത്. ഇത്രയും പണം പേഴ്സണൽ സ്റ്റാഫുകൾക്ക് പെൻഷനായി നൽകാൻ സർക്കാരിന്റെ കയ്യിലുണ്ടെങ്കിൽ പിന്നെ എന്തിനാണ് കെഎസ്ആർടിസിയുടെ പെൻഷൻ വിഷയത്തിൽ കോടതിയെ സമീപിച്ചതെന്നും കോടതി ആരാഞ്ഞു. ഈ വിഷയത്തിലെ കോടതിയുടെ അതൃപ്തി അറിയിക്കാൻ സർക്കാർ അഭിഭാഷകന് കോടതി നിർദ്ദേശവും നൽകി. കെഎസ്ആർടിസിയുമായി ബന്ധപ്പെട്ട ഹർജി പരിഗണിക്കില്ലെന്നും, ഹൈക്കോടതിയെ സമീപിക്കണമെന്നും പറഞ്ഞതോടെ സർക്കാർ ഹർജി പിൻവലിച്ചു.മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫായി പാർട്ടിക്കാരെ നിയമിക്കുന്നതിനോടും രണ്ടുവർഷത്തെ സേവനത്തിനു ശേഷം അവർക്ക് ഖജനാവിൽ നിന്ന് പെൻഷൻ നൽകുന്നത് നിയമവിരുദ്ധമാണെന്നും പെൻഷൻ നൽകുന്നത് ഉടൻ അവസാനിപ്പിക്കണമെന്നും പറഞ്ഞുകൊണ്ട് വിഷയത്തിൽ നേരത്തെ മുഖ്യമന്ത്രിയും ഗവർണറും കൊമ്ബു കോർത്തിരുന്നു. പേഴ്സണൽ സ്റ്റാഫായി നിയമനം കിട്ടുന്നവർ രണ്ടു വർഷത്തിനു ശേഷം രാജിവച്ച് പാർട്ടിയിൽ തിരിച്ചെത്തും. ഇത്തരത്തിൽ പാർട്ടി കേഡറുകളെ വളർത്തുന്നതിനോട് യോജിക്കാനാവില്ല. സംസ്ഥാനത്തെ പേഴ്സണൽ സ്റ്റാഫ് നിയമന രീതിയെക്കുറിച്ച് അടുത്തിടെയാണ് താൻ അറിഞ്ഞത്. രണ്ടു വർഷത്തെ സേവനത്തിനു ശേഷം പെൻഷൻ നൽകുന്നത് നാണംകെട്ട ഏർപ്പാടാണ്. പാർട്ടിക്കാർക്ക് പെൻഷൻ കൊടുക്കേണ്ടത് സർക്കാർ ചെലവിലല്ലെന്നും ഗവർണർ മുഖ്യമന്ത്രിയോട് അന്ന് തുറന്നടിച്ചിരുന്നു. പേഴ്സണൽ സ്റ്റാഫ് നിയമനവും പെൻഷൻ നൽകുന്നതും പൊടുന്നനേ തുടങ്ങിയതല്ലെന്നും ഇക്കാര്യത്തിൽ വിശദമായ ചർച്ച ആവശ്യമുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞെങ്കിലും ഗവർണർ വഴങ്ങിയില്ല.



## ശബരിമല വിമാനത്താവളത്തിന് പച്ചക്കൊടി, അനുമതി നൽകി പാർലമെന്ററി സമിതി

**ന്യൂഡൽഹി :** ശബരിമല വിമാനത്താവളത്തിന് പാർലമെന്ററി സമിതിയുടെ പച്ചക്കൊടി. വിമാനത്താവള പദ്ധതി തീർഥാടക ടൂറിസത്തിനു വളർച്ചയുണ്ടാക്കുമെന്ന് സമിതി വിലയിരുത്തി. വ്യോമ, പ്രതിരോധ മന്ത്രാലയങ്ങൾ കെ.എസ്.ഐ.ഡി.സിയുമായി ചർച്ച നടത്തണമെന്നും തിരുവനന്തപുരം, കൊച്ചി ടൂറിസം സർക്യൂട്ടുമായി ബന്ധിപ്പിക്കണമെന്നും സമിതി നിർദേശിച്ചു. വിമാനത്താവള പദ്ധതി യാഥാർത്ഥ്യമാകേണ്ടതാണെന്നു ബി.ജെ.പി എം.പി ടി.ജി.വെങ്കിടേഷ് അദ്ധ്യക്ഷനായ പാർലമെന്റിന്റെ ഗതാഗത, ടൂറിസം സമിതിയുടെ റിപ്പോർട്ടിൽ പറയുന്നു. കോട്ടയം ജില്ലയിലെ എരുമേലി ചെറുവള്ളിയിലാണ് ശബരിമല വിമാനത്താവളം സ്ഥാപിക്കാനുദ്ദേശിക്കുന്നത്. വിമാനത്താവളത്തിന് അനുമതി തേടി കെ.എസ്.ഐ.ഡിസി 2020 ജൂണിൽ വ്യോമയാന മന്ത്രാലയത്തെ സമീപിച്ചതായും റിപ്പോർട്ടിൽ പറയുന്നു. പദ്ധതിക്കായി വ്യോമസേനയുടെ 'സൈറ്റ് ക്ലിയറൻസ്' ലഭിച്ചിട്ടുണ്ട്. മറ്റു നടപടികൾ പൂർത്തിയായിട്ടില്ല. ഇത്തവണത്തെ സംസ്ഥാന ബഡ്ജറ്റിൽ പദ്ധതിക്ക് വേണ്ടി രണ്ടുകോടി വകയിരുത്തിരുന്നു. സാദ്ധ്യതാ പഠനത്തിനും വിശദപദ്ധതി രേഖയ്ക്കുമാണ് പണം വകയിരുത്തിയത്.



## വാളയാറിൽ അട്ടപ്പളം താഴവ്രയിൽ കാട്ടുതീ പടരുന്നു, 40 അംഗ അഗ്നിശമന സംഘം ശ്രമിച്ചിട്ടും നിയന്ത്രണവിധേയമാകുന്നില്ല

**പാലക്കാട്:** വാളയാർ അട്ടപ്പളം താഴ് വരയിൽ കാട്ടുതീ പടരുന്നു. കഴിഞ്ഞ ശനിയാഴ്ച ആരംഭിച്ച തീ ഇതിനോടകം താഴ്വരയിൽ നിന്ന് മലമുകളിലേക്ക് എത്തിയിട്ടുണ്ട്. അഗ്നിസമന സേനയുടെ 40 അംഗ യൂണിറ്റ് അത്യധ്വാനം ചെയ്തിട്ടും തീ നിയന്ത്രണവിധേയമാക്കാൻ ഇതുവരെയും സാധിച്ചിട്ടില്ല. നിലവിൽ തീ കൂടുതൽ ഇടങ്ങളിലേക്ക് പടരാതിരിക്കാനാണ് അഗ്നിശമന സേനയുടെ ശ്രമം. സേനാംഗങ്ങൾ രണ്ട് സംഘങ്ങളായി തിരിഞ്ഞാണ് തീയണക്കാൻ ശ്രമിക്കുന്നത്. ഡ്രോൺ ഉപയോഗിച്ച് സ്ഥിതിഗതികൾ നിരീക്ഷിക്കുന്നതായി വനംവകുപ്പ് അധികൃതർ അറിയിച്ചു.



## 12 / 14 വയസുകാർക്കുള്ള വാക്സിനേഷന് കേരളം സജ്ജം

### 60ന് മുകളിലുള്ളവർക്ക് കരുതൽ ഡോസ് മാർച്ച്16 മുതൽ എടുക്കാമെന്ന് മന്ത്രി വീണാ ജോർജ്


**തിരുവനന്തപുരം:** 12 മുതൽ 14 വയസുവരെയുള്ള കുട്ടികളുടെ കൊവിഡ് വാക്സിനേഷന് സംസ്ഥാനം സജ്ജമാണെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു.കേന്ദ്ര മാർഗനിർദേശം ലഭ്യമായാലുടൻ അതനുസരിച്ച് കുട്ടികളുടെ വാക്സിനേഷന് പദ്ധതി ആവിഷ്കരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്ത് 12 മുതൽ 14 വയസുവരെ 15 ലക്ഷത്തോളം കുട്ടികളുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. വാക്സിനെടുക്കാനുള്ള കേന്ദ്രത്തിന്റെ പ്രൊജക്ടഡ് പോപ്പുലേഷനനുസരിച്ച് ഇത് മാറാൻ സാദ്ധ്യതയുണ്ട്. കുട്ടികൾക്കായുള്ള 10,24,700 ഡോസ് കോർബിവാക്സ് വാക്സിൻ സംസ്ഥാനത്ത് ലഭ്യമാക്കിയിട്ടുണ്ട്. എറണാകുളം 4,03,200 ഡോസ്, കോഴിക്കോട് 2,74,500 ഡോസ്, തിരുവനന്തപുരം 3,47,000 ഡോസ് എന്നിങ്ങനെയാണ് വാക്സിൻ ലഭ്യമായതെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് മാർച്ച് 16 മുതൽ 60 വയസിന് മുകളിൽ പ്രായമുള്ള എല്ലാവർക്കും രണ്ടാം ഡോസ് കഴിഞ്ഞ് 9 മാസത്തിന് ശേഷം കരുതൽ ഡോസ് എടുക്കാവുന്നതാണ്. നിലവിൽ ആരോഗ്യ പ്രവർത്തകർക്കും കൊവിഡ് മുന്നണി പോരാളികൾക്കും 60 വയസിന് മുകളിൽ മറ്റ് അനുബന്ധ രോഗങ്ങൾ ഉള്ളവർക്കുമാണ് കരുതൽ ഡോസ് നൽകി വരുന്നതെന്നും മന്ത്രി അറിയിച്ചു.

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ഇന്നു ചെയ്യുന്ന പ്രവർത്തിയെ
ആശ്രയിച്ചിരിക്കും നിങ്ങളുടെ ഭാവി



മഹാത്മാ ഗാന്ധി

## ഇപിഎഫ് പലിശ: തീരുമാനം നിരാശാജനകം

തുടക്കം മുതൽ ഈ ഫണ്ടിനെ കാണുന്നതും അങ്ങനെയാണ്. പൊതുവേ ഉയർന്ന പലിശ നിരക്ക് ഈ നിക്ഷേപങ്ങൾക്കു നൽകുന്നത് മുതിർന്ന പൗരന്മാരാകുമ്പോൾ താങ്ങായി മാറേണ്ട ക്ഷേമഫണ്ട് എന്ന നിലയിലാണ്. കഴിഞ്ഞ ദിവസം നിലവിലുള്ള സാമ്പത്തിക വർഷത്തെ (202122) പലിശ 8.1 ശതമാനമായി കുറച്ച ഇപിഎഫ്ഒയുടെ ബോർഡ് (സെൻട്രൽ ബോർഡ് ഒഫ് ട്രസ്റ്റീസ്) യോഗത്തിന്റെ തീരുമാനം അതുകൊണ്ടു തന്നെ നിരാശാജനകമാണ്

ആറു കോടിയിലേറെ വരുന്ന സാധാരണക്കാരായ ശമ്പളവിഭാഗക്കാർ വരിക്കാരായുള്ള നിർബന്ധിത നിക്ഷേപ പദ്ധതിയാണ് എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട് അഥവാ ഇപിഎഫ്. വിരമിക്കുന്ന സമയത്ത് ശമ്പളവിഭാഗക്കാർക്ക് എന്തെങ്കിലുമൊക്കെ നീക്കിയിരിപ്പുണ്ടാക്കുക എന്ന ക്ഷേമലക്ഷ്യം മുൻനിർത്തിയുള്ള റിട്ടയർമെൻറ് ഫണ്ട്. ജോലി ചെയ്യുന്നവരിൽ നിന്നും തൊഴിൽ ഉടമകളിൽ നിന്നുമുള്ള പ്രതിമാസ വിഹിതം സമാഹരിച്ചാണ് സഹസ്ര കോടിക്കണക്കിനു രൂപയുടെ ഈ ഫണ്ട് സ്വരൂപിച്ചിട്ടുള്ളതും. അതു കൈകാര്യം ചെയ്യുന്ന എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട് ഓർഗനൈസേഷൻ എന്നും വരിക്കാരുടെ പക്ഷത്താണു നിലകൊള്ളേണ്ടത്.തുടക്കം മുതൽ ഈ ഫണ്ടിനെ കാണുന്നതും അങ്ങനെയാണ്. പൊതുവേ ഉയർന്ന പലിശ നിരക്ക് ഈ നിക്ഷേപങ്ങൾക്കു നൽകുന്നത് മുതിർന്ന പൗരന്മാരാകുമ്പോൾ താങ്ങായി മാറേണ്ട ക്ഷേമഫണ്ട് എന്ന നിലയിലാണ്. കഴിഞ്ഞ ദിവസം നിലവിലുള്ള സാമ്പത്തിക വർഷത്തെ (202122) പലിശ 8.1 ശതമാനമായി കുറച്ച ഇപിഎഫ്ഒയുടെ ബോർഡ് (സെൻട്രൽ ബോർഡ് ഒഫ് ട്രസ്റ്റീസ്) യോഗത്തിന്റെ തീരുമാനം അതുകൊണ്ടു തന്നെ നിരാശാജനകമാണ്. കേന്ദ്ര സർക്കാർ ഇടപെട്ട് കഴിഞ്ഞ വർഷത്തെ പലിശ നിലനിർത്താനെങ്കിലും തീരുമാനമുണ്ടാക്കിയാൽ അതു തികച്ചും ഉചിതമാവും. പ്രതിപക്ഷ രാഷ്ട്രീയ കക്ഷികൾ മാത്രമല്ല, തൊഴിലാളികളുടെ പക്ഷത്തുനിൽക്കുന്ന ഏവരും താത്പര്യപ്പെടുന്നതാണിത്. രാഷ്ട്രീയ കാരണങ്ങളാൽ പുറത്തുപറയാൻ മടിക്കുന്നവർ പോലും സിബിടിയുടെ തീരുമാനത്തിനു മനസാ അനുകൂലമാവില്ല.

കേന്ദ്ര തൊഴിൽ മന്ത്രി അധ്യക്ഷനായ സിബിടിയുടെ യോഗത്തിൽ തൊഴിലാളി യൂണിയൻ പ്രതിനിധികളുടെ ശക്തമായ എതിർപ്പ് അവഗണിച്ചാണ് പലിശ കുറയ്ക്കാനുള്ള തീരുമാനം ഉണ്ടായതെന്നാണു റിപ്പോർട്ടുകൾ. നാലു പതിറ്റാണ്ടിനിടയിലെ ഏറ്റവും കുറഞ്ഞ പലിശ നിരക്കാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത് എന്നതാണ് എടുത്തുപറയേണ്ട കാര്യം. 1977–78ൽ എട്ടു ശതമാനമായിരുന്നു ഇപിഎഫ് പലിശ. അതിനു ശേഷം ഇത്രയും കുറയുന്നത് ഇപ്പോഴാണ്.

കൊവിഡ് പ്രതിസന്ധി സൃഷ്ടിച്ച വരുമാനത്തിലെ ഇടിവു കണക്കിലെടുത്താണു പലിശ കുറയ്ക്കാനുള്ള തീരുമാനമെന്ന് തൊഴിൽ മന്ത്രി ഭൂപേന്ദ്ര യാദവ് വ്യക്തമാക്കുന്നുണ്ട്. ഇപിഎഫ്ഒയുടെ ഫണ്ടിന്മേലുള്ള വരുമാനം ഇടിഞ്ഞു എന്നാണു പറയുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷവും കൊവിഡ് ആഘാതം ഇപിഎഫ്ഒയെ ബാധിച്ചിട്ടുണ്ട്. സാമ്പത്തിക തകർച്ചയുടെ പശ്ചാത്തലത്തിൽ വലിയ തോതിലുള്ള പിൻവലിക്കൽ വരിക്കാരുടെ ഭാഗത്തുനിന്നും കഴിഞ്ഞവർഷം ഉണ്ടായി. എന്നിട്ടുപോലും പലിശ നിരക്ക് എട്ടര ശതമാനമായി മാറ്റമില്ലാതെ നിർത്തിയിരുന്നു. സാധാരണ ജോലിക്കാരുടെ നിക്ഷേപം എന്ന നിലയിൽ പ്രത്യേക പരിഗണന ഇതിനു നൽകിയതു കൊണ്ടാണിത്. ആ പരിഗണന ഈ വർഷം ഉപേക്ഷിക്കേണ്ടിയിരുന്നില്ല.

എസ്ബിഐയിലെ പത്തുവർഷ സ്ഥിരനിക്ഷേപങ്ങൾക്ക് 5.4 ശതമാനം മാത്രം പലിശ കിട്ടുമ്പോൾ ഇപിഎഫിന് എട്ടു ശതമാനത്തിനു മുകളിൽ പലിശ നൽകാനാവുന്നതു നല്ല കാര്യം എന്ന നിലയിലാണ് കഴിഞ്ഞ ദിവസം തൊഴിൽ മന്ത്രി യാദവ് പ്രതികരിച്ചു കണ്ടത്. പബ്ലിക് പ്രോവിഡൻറ് ഫണ്ട് പോലുള്ള നിക്ഷേപങ്ങൾക്ക് 6.8 ശതമാനം മുതൽ 7.1 ശതമാനം വരെ മാത്രമാണു പലിശയെന്നും മന്ത്രി അവകാശപ്പെടുന്നുണ്ട്. മറ്റു നിക്ഷേപങ്ങളെക്കാൾ ഇപ്പോഴും നല്ലത് ഇപിഎഫ്ഒ എന്നു സ്ഥാപിക്കാനാണു മന്ത്രി ശ്രമിക്കുന്നതെന്നു വ്യക്തം. മറ്റുള്ളവർക്കു കുറവാണ് എന്നതു കൊണ്ട് നിങ്ങൾക്കും കുറയ്ക്കുന്നു എന്ന വാദം പക്ഷേ ഇതിൻറെ വരിക്കാരോടു കാണിക്കേണ്ട നീതിയല്ല. താരതമ്യേന ഉയർന്ന പലിശ നിരക്ക് എന്നതാണ് ഇതിന്റെ ആകർഷണം തന്നെ.

തുടർച്ചയായി ഇപിഎഫ് നിക്ഷേപത്തിന്റെപലിശ കുറച്ചു കൊണ്ടുവരാനുള്ള പ്രവണതയാണു കാണുന്നത്. 2015–16ൽ 8.8 ശതമാനം പലിശയുണ്ടായിരുന്നു. 2016–17ൽ അത് 8.65 ശതമാനമാക്കി. പിറ്റേവർഷം 8.55 ശതമാനത്തിലേക്കും കുറച്ചു. 2018–19ൽ വീണ്ടും 8.65 ശതമാനമായി. പിന്നീടാണ് രണ്ടു വർഷം എട്ടര ശതമാനമായിരുന്നത്. ഇപ്പോൾ 8.1 ശതമാനം നിരക്കിൽ നിക്ഷേപങ്ങൾക്കു പലിശ നൽകിയാലും ഇപിഎഫ്ഒയ്ക്ക് 450 കോടി രൂപയുടെ മിച്ചം ഈ സാമ്പത്തിക വർഷമുണ്ടാകുമെന്നാണു പ്രഖ്യാപിച്ചിരിക്കുന്നത്. അതായത് ഫണ്ടിൻറെ കുറവുകൊണ്ടല്ല, അതിന്മേലുള്ള വരുമാനത്തിൻറെ കുറവ് അടിസ്ഥാനമാക്കി മാത്രമാണു പലിശ കുറയ്ക്കുന്നത്. ഇപിഎഫ്ഒയുടെ കോർപ്പസ് ഫണ്ടിൽ 13 ശതമാനം വർധനയുണ്ടായപ്പോഴാണ് വരിക്കാർക്കുള്ള പലിശ കുറയ്ക്കുന്നത് എന്നതും ശ്രദ്ധിക്കണം. ഒരു സാമൂഹിക സുരക്ഷാ പദ്ധതിയെന്ന നിലയിൽ ഇപിഎഫ്ഒയെ കാണുമ്പോൾ നിലവിലുള്ള വരുമാനം കുറയ്ക്കാതിരിക്കാനെങ്കിലും സർക്കാർ തയാറാവേണ്ടതല്ലേ

## ഭാര്യ സ്ത്രീയല്ല, വിവാഹമോചനം വേണമെന്ന് ഹർജി: വിശദീകരണം തേടി സുപ്രീംകോടതി

**ന്യൂഡൽഹി:** ഭാര്യ സ്ത്രീയല്ലെന്ന് ചൂണ്ടിക്കാട്ടി വിവാഹമോചനം വേണമെന്നാവശ്യപ്പെട്ട് യുവാവ് സുപ്രീംകോടതിയിൽ നൽകിയ ഹർജിയിൽ സ്ത്രീയോട് വിശദീകരണം തേടി സുപ്രീംകോടതി.

ഭാര്യയുടെ ജനനേന്ദ്രിയം സ്ത്രീകളുടേത് പോലെയല്ല, മറിച്ച്പുരുഷന്റേതിനോട് സാമ്യമുള്ളതാണെന്ന് ഗ്വാളിയോർ സ്വദേശിയായ ഭർത്താവ് ഹർജിയിൽ ആരോപിച്ചു.

'ഭാര്യയും ഭാര്യാപിതാവും തന്നെ വഞ്ചിക്കുകയായിരുന്നു. 2016ലാണ് വിവാഹം കഴിഞ്ഞത്. ആർത്തവ സമയമാണെന്ന് ചൂണ്ടിക്കാട്ടി ആറ് ദിവസം മാറി നിന്ന ഭാര്യ തിരിച്ചു വന്നപ്പോഴാണ് സാധാരണ രീതിയിലുള്ള യോനി ഭാര്യയ്ക്കില്ലെന്ന് വ്യക്തമായത്. തുടർന്ന് മെഡിക്കൽ പരിശോധനയ്ക്ക് വിധേയയാക്കി. കൺജെനിറ്റൽ അഡ്രീനൽ ഹൈപ്പർ പ്ലാസിയ എന്ന ജനിതക വൈകല്യമാണെന്നും ശസ്ത്രക്രിയ നടത്തി പരിഹാരം കണ്ടെത്തണമെന്നും ഡോക്ടർമാർ നിർദ്ദേശിച്ചു. എന്നാൽ ഗർഭധാരണത്തിന് സാദ്ധ്യതയില്ലെന്ന് ഡോക്ടർ വ്യക്തമാക്കി. തുടർന്ന് ഭാര്യയെ വീട്ടിലേക്ക് തിരിച്ചയച്ചു. ഇതിനിടെ ഭർത്താവ് പീഡിപ്പിക്കുകയാണെന്ന് ചൂണ്ടിക്കാട്ടി യുവതിയുടെ ബന്ധുക്കൾ പരാതി നൽകി. ഇരു കുടുംബവും നിരന്തരം വഴക്കായി. ഒടുവിൽ യുവതിക്കും അവരുടെ പിതാവിനുമെതിരെ സെക്ഷൻ 420 പ്രകാരം കേസ് ഫയൽ ചെയ്തു. കേസിൽ വിചാരണക്കോടതി യുവതിക്ക് നിർബന്ധിത ശാരീരിക പരിശോധനയ്ക്ക് ഉത്തരവിട്ടു. ഇതിന് വിസമ്മതിച്ച യുവതി ഹൈക്കോടതിയെ സമീപിച്ചു. മെഡിക്കൽ റിപ്പോർട്ട് അനുസരിച്ച് ഒരു സ്ത്രീക്ക് വേണ്ട അവയവങ്ങൾ യുവതിക്കുണ്ടെന്നും അതിനാൽ വഞ്ചനാക്കുറ്റം നിലനില്ക്കില്ലെന്നും ചൂണ്ടിക്കാട്ടി കഴിഞ്ഞ വർഷം മദ്ധ്യപ്രദേശ് ഹൈക്കോടതി ഭർത്താവിന്റെ വാദം തള്ളി. ഇതിനെതിരെയാണ് യുവാവ് സുപ്രീംകോടതിയെ സമീപിച്ചത്.

വിവാഹത്തിന് മൂന്ന് വർഷം മുമ്ബ് കൺജെനിറ്റൽ അഡ്രീനൽ ഹൈപ്പർ പ്ലാസിയ രോഗത്തിന് യുവതി ഹോർമോൺ ചികിത്സ തുടങ്ങിയതിന് പ്രാദേശിക ആശുപത്രിയിലെ ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയതിന് തെളിവുണ്ടെന്ന് ഭർത്താവിന്റെ അപ്പീലിൽ പറയുന്നു. ഇത് ചതിയാണെന്നും തന്റെ ജനനേന്ദ്രിയം സംബന്ധിച്ച് അവർക്ക് കൃത്യമായ ബോധ്യമുണ്ടായിരുന്നുവെന്നും ഭർത്താവിന് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ എൻ.കെ മോദി പറഞ്ഞു. ഹർജി പരിഗണിക്കാൻ ആദ്യം സുപ്രീംകോടതി വിസമ്മതിച്ചെങ്കിലും മെഡിക്കൽ റെക്കാഡുകൾ കണ്ടതോടെ വാദം കേൾക്കാൻ തീരുമാനിക്കുകയായിരുന്നു. നാല് ആഴ്ചകൾക്കകം മറുപടി നൽകാൻ ഭാര്യയോട് കോടതി ആവശ്യപ്പെട്ടു



# കൊവിഡ് നഷ്ടപരിഹാരത്തിന് വ്യാജ സർട്ടിഫിക്കറ്റ്: സി.എ.ജി അന്വേഷണത്തിന് സുപ്രീംകോടതി

ന്യൂഡൽഹി: വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി കൊവിഡ് നഷ്ടപരിഹാരം തട്ടിയെടുക്കാൻ ശ്രമിച്ചതിനെക്കുറിച്ച് കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിനെക്കൊണ്ട് അന്വേഷണം നടത്തുമെന്ന് സുപ്രീംകോടതി.ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അഭിപ്രായം അറിഞ്ഞശേഷം വിശദമായ ഉത്തരവ് ഇറക്കുമെന്ന് ജസ്റ്റിസ് എം.ആർ. ഷാ, ജസ്റ്റിസ് ബി.വി. നാഗരത്ന എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ ഇന്ന് സുപ്രീംകോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്യുമെന്ന് സോളിസിറ്റർ ജനറൽ തുഷാർ മേത്ത പറഞ്ഞു.

'കൊവിഡ് ബാധിച്ച് മരിച്ചവരുടെ ബന്ധുക്കൾക്ക് സുപ്രീംകോടതി ഉത്തരവിലൂടെ ലഭിക്കേണ്ട നഷ്ടപരിഹാരത്തുക വ്യാജ കൊവിഡ് മരണ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് തട്ടിയെടുക്കുമെന്ന് ഒരിക്കലും കരുതിയിരുന്നില്ല. ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. അടിയന്തര അന്വേഷണം നടത്തണം.'- ജസ്റ്റിസ് എം.ആർ. ഷാ പറഞ്ഞു. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ കൂടി ഈ തട്ടിപ്പിന് കൂട്ടുനിന്നിട്ടുണ്ടെങ്കിൽ അത് സ്ഥിതി കൂടുതൽ ഗുരുതരമാക്കുകയാണെന്നും കോടതി ചൂണ്ടിക്കാട്ടി.

നഷ്ടപരിഹാര പദ്ധതിയിലെ തട്ടിപ്പിനെക്കുറിച്ച്സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റികളെക്കൊണ്ട് അന്വേഷണം നടത്തിക്കണമെന്ന് കേരളത്തിനും ആന്ധ്രയ്ക്കും വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ആർ. ബസന്ത് കോടതിയിൽ ആവശ്യപ്പെട്ടു. ഉത്തരവ് ഇറക്കുമ്ബോൾ ഇക്കാര്യവും പരിഗണിക്കാമെന്ന് കോടതി വ്യക്തമാക്കി.



# പാക് വാദങ്ങൾ പൊളിയുന്നു, പാകിസ്ഥാനിലേക്ക് മിസൈൽ അയച്ച സംഭവത്തിൽ ഇന്ത്യയ് ക്കൊപ്പം നിന്ന് അമേരിക്ക

വാഷിംഗ്ടൺ : അബദ്ധത്തിൽ പാകിസ്ഥാനിലേക്ക് പറന്ന മിസൈൽ വിക്ഷേപണത്തിൽ ഇന്ത്യയെ പിന്തുണച്ച് അമേരിക്ക.

യു എസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവ് നെഡ് പ്രൈസിന്റെ വാർത്താ സമ്മേളനത്തിലാണ് മാദ്ധ്യമപ്രവർത്തകർ മിസൈൽ സംബന്ധിച്ച ചോദ്യം ഉയർത്തിയത്. എന്നാൽ സാങ്കേതിക തകരാർ നിമിത്തമാണ് മിസൈൽ പറന്നുയർന്നതെന്നാണ് കരുതുന്നതെന്നും, മറ്റൊന്നിനെ കുറിച്ച് തങ്ങൾക്ക് സൂചനകളൊന്നും ലഭിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. ഈ വിഷയത്തിൽ ഇന്ത്യൻ പ്രതിരോധ മന്ത്രാലയം കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. മാർച്ച് ഒൻപതിന് അവർ ഒരു പ്രസ്താവന ഇറക്കിയിട്ടുണ്ടെന്നും അതിനപ്പുറം തങ്ങൾക്ക് അഭിപ്രായവുമില്ലെന്നുമാണ് അമേരിക്ക വ്യക്തമാക്കിയത്. അതേസമയം ഇന്ത്യയുടെ ഭാഗത്ത് നിന്നും അയൽരാജ്യത്തേയ്ക്ക് മിസൈൽ വിക്ഷേപിച്ചതിനെ കുറിച്ച് പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് പാർലമെന്റിൽ ഇന്ന് വിശദീകരണം നൽകും.

ഇന്ത്യയിലെ ഹരിയാനയിലെ സിർസ ഭാഗത്തുനിന്നുമാണ് തങ്ങളുടെ അതിർത്തി ഭേദിച്ച് മിസൈൽ എത്തിയതെന്നാണ് പാകിസ്ഥാൻ അവകാശപ്പെട്ടത്. എന്നാൽ പിന്നീട് ഇന്ത്യ ഔദ്യോഗികമായി മിസൈൽ അബദ്ധത്തിൽ വിക്ഷേപിച്ചു എന്ന് സമ്മതിച്ചിരുന്നു. ഏത് മിസൈലാണ് അതിർത്തി ഭേദിച്ചതെന്ന് ഇന്ത്യ വ്യക്തമാക്കിയില്ലെങ്കിലും ബ്രഹ്മോസാണെന്നാണ് വിദഗ്ദ്ധർ കണ്ടെത്തിയിരിക്കുന്നത്. വിക്ഷേപണത്തെക്കുറിച്ച്ഇന്ത്യൻ ഭാഗത്ത് നിന്നും യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെന്ന പാക് വാദവും കളവ് നിറഞ്ഞതായിരുന്നു. അബദ്ധത്തിൽ മിസൈൽ പറന്നതിന് തൊട്ട് പിന്നാലെ ഇന്ത്യ പാകിസ്ഥാനെ സംഭവത്തെ കുറിച്ച് അറിയിപ്പ് നൽകിയിരുന്നു. എന്നാൽ ഇത് പാകിസ്ഥാൻ മറച്ച് വച്ചു. ഇതിന് പുറമേ തങ്ങളുടെ അതിർത്തി ഭേദിച്ച് മൂന്ന് മിനിട്ടും 44 സെക്കൻഡും കൊണ്ട് 124 കിലോമീറ്റർ പാക് ആകാശത്ത് മിസൈൽ സഞ്ചരിച്ചു എന്ന പാകിസ്ഥാന്റെ വെളിപ്പെടുത്തലും അവർക്ക് തന്നെ തിരിച്ചടിയായി. ഇത്രയും സമയം ലഭിച്ചിട്ടും പാകിസ്ഥാന്റെ ആകാശ പ്രതിരോധ സംവിധാനം പ്രവർത്തിച്ചില്ല, അവർക്ക് മിസൈലിനെ തടയാനും കഴിഞ്ഞില്ല. അടുത്തിടെയാണ് ചൈനയിൽ നിന്നും പാകിസ്ഥാൻ എയർ ഡിഫൻസ് സംവിധാനം വാങ്ങിയത്. ഇതോടെ മിസൈൽ അബദ്ധത്തിൽ വിക്ഷേപിച്ചതല്ലെന്നും പാക് സംവിധാനങ്ങളെ പരീക്ഷിക്കാൻ ഇന്ത്യ ചെയ്തതാണെന്നും വാദമുയരുന്നുണ്ട്.



# ഡൽഹിയും പഞ്ചാബും തൂത്തുവാരി, ഇനി ആപ്പിന്റെ ലക്ഷ്യം കോൺഗ്രസിന്റെയും ബിജെപിയുടെയും ഈ കോട്ട തകർക്കൽ

ന്യൂഡൽഹി : ഡൽഹിയിലും പഞ്ചാബിലും അധികാരം നേടിയതിന് പിന്നാലെ രാജസ്ഥാനിലും വേരുറപ്പിക്കാൻ തയാറെടുത്ത് ആംആദ്മി പാർട്ടി.കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളായി കോൺഗ്രസും ബിജെപിയും മാറിമാറി ഭരിച്ചിരുന്ന രാജസ്ഥാനിൽ 2023 ലാണ് ഇനി നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുക.

അശോക് ഗെഹ്ലോട്ടിന്റെ നേതൃത്വത്തിൽ കോൺഗ്രസാണ് ഇപ്പോൾ രാജസ്ഥാൻ ഭരിക്കുന്നത്. ഭൈരോൺ സിംഗ് ഷെഖാവത്തിന്റെ നേതൃത്വത്തിലുള്ള ജനതാ പാർട്ടി 1977 നും 1980 നും ഇടയിൽ അധികാരത്തിലിരുന്നത് ഒഴിച്ചാൽ കോൺഗ്രസിനോ ബി.ജെ.പിയ്ക്കോ അനുകൂലമായാണ് രാജസ്ഥാനിലെ ജനങ്ങൾ വോട്ട് ചെയ്തിട്ടുള്ളത്.പഞ്ചാബ് നേടിയത് പോലെ രാജസ്ഥാനും സ്വന്തമാക്കാൻ തങ്ങൾക്ക് കഴിയുമെന്നാണ് ആം ആദ്മി പാർട്ടി സംസ്ഥാന സെക്രട്ടറി ദേവേന്ദ്ര ശാസ്ത്രി പറയുന്നത്. ഭാരിച്ച വൈദ്യുത ചെലവ് രാജസ്ഥാനെ വീർപ്പുമുട്ടിയ്ക്കുകയാണ്. പഞ്ചാബിലെയും രാജസ്ഥാനിലെയും വൈദ്യുതി ചെലവിന് പരിഹാരം കണ്ടെത്തിയ ആംആദ്മിയ്ക്ക് രാജസ്ഥാനിലും ഇത് ആവർത്തിക്കാനാകുമെന്ന് ദേവേന്ദ്ര ശാസ്ത്രി പറഞ്ഞു.

2018 ലെ രാജസ്ഥാൻ നിയമസഭാ തിരഞ്ഞെടുപ്പിൽ ആകെയുള്ള 200 ൽ 140 സീറ്റുകളിലും ആംആദ്മി മത്സരിച്ചെങ്കിലും ഒന്നിൽ പോലും വിജയിക്കാനായിരുന്നില്ല. എന്നാലിപ്പോൾ അരവിന്ദ് കെജ്രിവാളും സംഘവും കരുത്തരാണ്. പഞ്ചാബ് തിരഞ്ഞെടുപ്പിൽ നേടിയ മികച്ച വിജയം രാജസ്ഥാൻ പിടിക്കാനുള്ള ആംആദ്മിയുടെ മോഹങ്ങൾക്ക് കരുത്ത് പകർന്നിട്ടുണ്ട്. മറ്റേതെങ്കിലും പാർട്ടിയുമായി രാജസ്ഥാനിൽ സഖ്യമുണ്ടാക്കുന്ന കാര്യത്തിലും ഉചിതമായ സമയത്ത് തീരുമാനമുണ്ടാക്കുമെന്നും ദേവേന്ദ്ര ശാസ്ത്രി കൂട്ടിചേർത്തു.

SPECIAL-NEWS



# സംസ്ഥാനത്ത് 809 പേർക്ക് കൊവിഡ് സ്ഥീകിരിച്ചു

സംസ്ഥാനത്ത് കൊവിഡ് കേസുകൾ കുറയുന്നു. 809 പേർക്കാണ് രോഗം സ്ഥിരീകരിച്ചിരിക്കുന്നത്. എറണാകുളം 141, തിരുവനന്തപുരം 111, കൊല്ലം 84, കോട്ടയം 83, ഇടുക്കി 69, കോഴിക്കോട് 56, തൃശൂർ 55, പത്തനംതിട്ട 43, കണ്ണൂർ 37, പാലക്കാട് 33, ആലപ്പുഴ 32, മലപ്പുറം 29, വയനാട് 28, കാസർഗോഡ് 8 എന്നിങ്ങനെയാണ് ജില്ല തിരിച്ചുള്ള കണക്കുകൾ. കഴിഞ്ഞ 24 മണിക്കൂറിനിടെ 18,467 സാമ്പിളുകളാണ് പരിശോധിച്ചത്.സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 24,808 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. കഴിഞ്ഞ 24 മണിക്കൂറിനിടെ മരണങ്ങളൊന്നും തന്നെ കോവിഡ്-19 മൂലമാണെന്ന് സ്ഥിരീകരിച്ചിട്ടില്ല. അതേസമയം മുൻ ദിവസങ്ങളിൽ മരണപ്പെടുകയും എന്നാൽ രേഖകൾ വൈകി ലഭിച്ചത് കൊണ്ടുള്ള 7 മരണങ്ങളും സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 71 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 66,886 ആയി.



# ഹിജാബ് വിവാദം: കർണാടക ഹൈക്കോടതി വിധി പറയും

ബെംഗളൂരു: ഹിജാബ് വിവാദവുമായി ബന്ധപ്പെട്ട കേസിൽ കർണാടക ഹൈക്കോടതി ഇന്ന് വിധി പറയും. ചൊവ്വാഴ്ച രാവിലെ 10.30-നാണ് കേസ് കോടതിയുടെ പരിഗണനക്ക് വരുന്നത്. 11ദിവസത്തെ തുടർച്ചയായ വാദം കേൾക്കലിന് ശേഷം ഫെബ്രുവരി 25-ന് കേസ് വിധി പറയാൻ മാറ്റിവെച്ചതായിരുന്നു. കർണാടക ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഋതുരാജ് അവാസ്തിയുടെ അധ്യക്ഷതയിലുള്ള മൂന്നംഗ ബെഞ്ചാണ് കേസിൽ വാദം കേട്ടത്. ഹിജാബ് വിവാദവുമായി ബന്ധപ്പെട്ട് കർണാടകയുടെ വിവിധ ഭാഗങ്ങളിൽ അക്രമ സംഭവങ്ങളും പ്രതിഷേധങ്ങളും അരങ്ങേറിയിരുന്നു. ഉഡുപ്പിയിലെ സർക്കാർ പ്രീ-യൂണിവേഴ്സിറ്റി മാനേജ്മെന്റ് ഹിജാബ് ധരിച്ചതിന് ആറ് മുസ്ലിം വിദ്യാർഥിനികളെ ക്ലാസിൽ നിന്ന് വിലക്കിയതിനെ തുടർന്നാണ് ഹിജാബ് വിവാദത്തിന് തുടക്കമിട്ടത്. ഉത്തരവിനെതിരെ മുസ്ലിം വിദ്യാർഥിനികളാണ് കോടതിയെ സമീപിച്ചത്. സംഘർഷങ്ങളെ തുടർന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതപരമായ വസ്ത്രങ്ങൾ വിലക്കി കർണാടക ഹൈക്കോടതി ഇടക്കാല ഉത്തരവിടുകയും ചെയ്തിരുന്നു. ഹിജാബ് ഹർജിയിൽ വിധിവരുന്ന പശ്ചാത്തലത്തിൽ ബെംഗളൂരുവിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്. ചൊവ്വാഴ്ച മുതൽ മാർച്ച് 21 വരെയാണ് നിരോധനാജ്ഞ.






# മാല നഷ്ടപ്പെട്ട വീട്ടമ്മയ്ക്ക് വളകൾ ഊരി നൽകിയ സ്ത്രീ ഇതാണ്

**കൊട്ടാരക്കര:** ഉത്സവത്തിരക്കിനിടയിൽ സ്വർണമാല നഷ്ടമായ വീട്ടമ്മയ്ക്ക് സ്വന്തം വളകൾ ഊരി നൽകിയ സ്ത്രീയെ തിരിച്ചറിഞ്ഞു.കൊല്ലം കൊട്ടാരക്കര പട്ടാഴി ദേവി ക്ഷേത്രത്തിൽ കഴിഞ്ഞ ശനിയാഴ്ചയായിരുന്നു സംഭവം നടന്നത്. മൈലം പള്ളിക്കൽ മുകളിൽ മങ്ങാട്ടുവീട്ടിൽ സുഭദ്രയുടെ മാലയാണ് ക്ഷേത്രദർശനത്തിനിടെ നഷ്ടപ്പെട്ടത്. മാല നഷ്ടമായതോടെ വാവിട്ട് നിലവിളിച്ച് വീട്ടമ്മയ്ക്ക് അജ്ഞാതയായ സ്ത്രീ രണ്ടു സ്വർണ വളകൾ ഊരി നൽകുന്നതിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിരുന്നെങ്കിലും ആളെ കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. എന്നാൽ നീണ്ട അന്വേഷണങ്ങൾക്കൊടുവിൽ ചേർത്തല മരുത്തോർവട്ടത്തുള്ള ശ്രീലത എന്ന വീട്ടമ്മയാണ് സുഭദ്രയ്ക്ക് വളയൂരി നൽകിയതെന്ന് തിരിച്ചറിഞ്ഞു. അന്തരിച്ച മോഹനൻ വൈദ്യരുടെ ഭാര്യയാണ് ശ്രീലത. കണ്ണിന് ഭാഗികമായി മാത്രം കാഴ്ചയുള്ള ശ്രീലത ബന്ധുവീട്ടിലെത്തിയപ്പോഴാണ് പട്ടാഴി ക്ഷേത്രത്തിൽ പോയത്. കരഞ്ഞു നിലവിളിക്കുന്ന സുഭദ്രയെ കണ്ടപ്പോൾ എന്തെങ്കിലും ചെയ്യണമെന്ന് തോന്നി. അല്ലാതെ പ്രശസ്തിക്ക് വേണ്ടിയൊന്നും താനത് ചെയ്തതെന്ന് ശ്രീലത പറയുന്നു. വളകൾ സമ്മാനിച്ച് ശ്രീലത പോയെങ്കിലും സുഭദ്രയ്ക്കും ആളിനെ പിന്നെ തിരിച്ചറിയാൻ കഴിഞ്ഞില്ല. രണ്ടു പവന്റെ വളകൾ നൽകിയ ശേഷം ഇത് വിറ്റ് മാല വാങ്ങിയ ശേഷം ദേവിക്ക് മുന്നിൽ വന്ന് പ്രാർത്ഥിക്കമണമെന്നും പറഞ്ഞാണ് ശ്രീലത പോയത്. അത് അക്ഷരംപ്രതി സുഭദ്ര അനുസരിക്കുകയും ചെയ്തു.കഴിഞ്ഞ ദിവസം ഭക്തജനങ്ങളെ സാക്ഷിയാക്കി ദേവിക്ക് മുന്നിൽ നിന്ന് സുഭദ്ര മാല കഴുത്തിൽ ധരിച്ചു. ദേവിക്ക് സ്വർണപ്പൊട്ട് കാണിക്കയായി സമർപ്പിക്കുകയും ചെയ്തു. വളകൾ സമ്മാനിച്ച ശ്രീലതയെ ഒരിക്കൽ കൂടി കാണണമെന്നാണ് ഇനി സുഭദ്രയുടെ ആഗ്രഹം.

# ഡെലിഗേറ്റ് പാസ് വിതരണം ബുധനാഴ്ച




രാജ്യാന്തര ചലച്ചിത്രമേളയിലെ പ്രതിനിധികൾക്കുള്ള പാസ് വിതരണം മാർച്ച് 16 ന് ആരംഭിക്കും.പതിനായിരത്തോളം പ്രതിനിധികൾക്കുള്ള പാസ് വിതരണമാണ് മേളയുടെ മുഖ്യ വേദിയായ ടാഗോർ തിയേറ്ററിലെ വിവിധ കൗണ്ടറുകളിൽ ആരംഭിക്കുന്നത്.പ്രതിനിധികൾ ഐ ഡി പ്രൂഫുമായെത്തി വേണം ഫെസ്റ്റിവൽ കിറ്റ് കൈപ്പറ്റേണ്ടത്. കൂടുതലായി അനുവദിച്ച പാസുകൾക്കായി ഓൺലൈൻ രജിസ്ട്രേഷൻ തുടരുകയാണ് . പൊതുവിഭാഗത്തിന് 1000 രൂപയും വിദ്യാർത്ഥികൾക്ക് 500 രൂപയുമാണ് ഡെലിഗേറ്റ് ഫീസ്. രജിസ്ട്രേഷൻ സംബന്ധമായ സംശയങ്ങൾക്ക് **https://registration.iffk.i**l എന്ന ഇ-മെയിൽ ഐഡിയിലോ 8304881172 എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.



# യാത്രക്കാരെ വലയ്ക്കുന്ന തട്ടുകടകൾ

**ജനി**

**എറണാകുളം :** കൂണുപോലെ വളരുന്ന തട്ടുകടസംസ്ക്കാരം എറണാകുളത്ത് പടർന്ന് പിടിച്ചിട്ട് ഏറെനൊളായി .കൊറോണസമയത്ത് നിന്നുപോയ തട്ടുകടകൾ ഇപ്പോൾ സജീവമാണ്. കലൂർ കടവന്ത്രറോഡിൽ ദീപാലംകൃതമായി റോഡരുകിൽ തന്നെ അതും ഫുഡ് പാത്തിൽ കാൽനടയാത്രകാർക്ക് നടക്കാൻ പറ്റാത്ത രീതിയിൽ വാഹനങ്ങൾ നിർത്തി പുലരുവോളം കച്ചവടം നടത്തുന്ന ഇവർ മറ്റുള്ളവർക്ക് പ്രത്യേകിച്ചും ജോലികഴിഞ്ഞ് വീട്ടിലേയ്ക്ക് പോകുന്ന സ്ത്രീകൾക്ക് ബുദ്ധിമുട്ടാണ് .

മദ്യവും മറ്റ് ലഹരിപദാർത്ഥങ്ങളും കഴിച്ചതിന് ശേഷം ഫുഡ് കഴിക്കാൻ എത്തുന്നവർ സ്ത്രീകളെ കമന്റ് പറയുകയും ഫുഡ് പാത്തിലൂടെ നടക്കാൻ കഴിയാത്തത്ര രീതിയിൽ വാഹനങ്ങൾ പാർക്ക് ചെയ്യുകയും ചെയ്യുന്നു. പൊലീസ് ഇത് കണ്ടിട്ടും കാണാത്ത ഭാവത്തിൽ പെട്രോളിംഗ് നടത്തി സ്ത്രീസുരക്ഷ ഉറപ്പാക്കുകയാണ്. കഴിഞ്ഞ ദിനം രാത്രിയിൽ വഴി നടന്ന് പോയ ഒരു സ്ത്രീയോട് അപമര്യാദയായി പെരുമാറുകയും , അവർ തിരിഞ്ഞ് നിന്ന് മറുപടി പറയുകയും ചെയ്തിരുന്നു. അധികാരികൾ എത്രയും വേഗത്തിൽ ഈ സാമൂഹികശല്യത്തിന് ഒരു അറുതിവരുത്തിയില്ലെങ്കിൽ കാൽനടക്കാർ പ്രത്യേകിച്ചു സ്ത്രീകൾ ഏറെ ബുദ്ധിമുട്ടുകതന്നെ ചെയ്യും ഈ തട്ടുകടകൾക്കൊന്നും തന്നെ നിയമാനുസൃത ലൈസൻസ് ഉണ്ടോ എന്ന് പോലും സംശയമാണ് . വേസ്റ്റ് വാട്ടർ ഒഴുക്കാനുള്ളസംവിധാനമോ , വേസ്റ്റ് എണ്ണ കളയാനുള്ള കുട്ടയോ ഒന്നും ഇല്ലാതെ ഫുഡ് പോയിസണിന് വഴി വെയ്ക്കുന്ന ഇത്തരം തട്ടുകടകൾനിയന്ത്രിച്ചില്ലെങ്കിൽ നാളെ വരുന്ന ദുരന്തങ്ങൾ കണ്ട് കണ്ണീരൊഴുക്കാം



# ചൂട് കുറയും, സംസ്ഥാനത്ത് ഇന്ന് ഇടവിട്ട് മഴയ്ക്ക് സാദ്ധ്യത

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വേനൽമഴയെന്ന് കാലാവസ്ഥ വകുപ്പിന്റെ പ്രവചനം.കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഇന്ന് മഴയുണ്ടായേക്കും. വൈകിട്ടോടെ തിരുവനന്തപുരത്തെ മലയോര മേഖലകളിൽ മഴയ്ക്ക് സാദ്ധ്യതയുണ്ട്. വരും ദിവസങ്ങളിൽ തീരദേശത്തും മലയോര മേഖലയിലും ചൂട് കുറയും. അടുത്തയാഴ്ചയോടെ ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം രൂപപ്പെടും. അതോടെ സംസ്ഥാനത്തൊട്ടാകെ വേനൽമഴ ലഭിക്കാൻ സാദ്ധ്യതയുണ്ടെന്നാണ് കാലാവസ്ഥ വകുപ്പിന്റെ പ്രവചനം.തെക്കൻ കേരളത്തിലാണ് കൂടുതൽ മഴ ലഭിക്കുക. കഴിഞ്ഞ 24 മണിക്കൂറിൽ കൊല്ലം, തൃശൂർ ജില്ലകളിൽ താപനില 38 - 39 ഡിഗ്രി സെൽഷ്യസ് വരെ ഉയർന്നിരുന്നു.

SPECIAL-NEWS





# 'പാവപ്പെട്ടവന്റെ കെഎസ്ആർടിസിയെ മരണത്തിന് വിട്ടു; സിൽവർലൈൻ വരേണ്യ വിഭാഗത്തിന് വേണ്ടി' : വി.ഡി സതീശൻ

**തിരുവനന്തപുരം:** സിൽവർ ലൈനിന്റെ ഇരകളാകുന്നത് കേരളം മുഴുവനുമാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. ലൈൻ കടന്നു പോകുന്നയിടത്തെ ആളുകളെ മാത്രമല്ല പദ്ധതിയുടെ ദൂഷ്യവശങ്ങൾ ബാധിക്കുന്നതെന്നും മറിച്ച് സാമ്പത്തികമായി, പാരിസ്ഥിതികമായി, സാമൂഹ്യമായി കേരളം തകർന്ന് പോകുന്ന പദ്ധതിയാണ് ഇതെന്ന് വി.ഡി സതീശൻ പറഞ്ഞു.വിഷയം ചർച്ച ചെയ്യാൻ അനുവദിച്ചതിന് നന്ദി പറഞ്ഞുകൊണ്ടാണ് വി.ഡി സതീശൻ ചർച്ച ആരംഭിച്ചത്. പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തണം എന്ന് തന്നെയാണ് പ്രതിപക്ഷത്തിന്റെ ആവശ്യമെന്നും, അതുകൊണ്ട് തന്നെ കേരളത്തിലെ പാവങ്ങൾ വരെ ആശ്രയിക്കുന്ന കെഎസ്ആർടിസി നവീകരിക്കുകയാണ് വേണ്ടതെന്ന് വിഡി സതീശൻ പറഞ്ഞു.'കേരളത്തിലെ ഒട്ടുമിക്ക സർവീസുകളും റദ്ദാക്കി, ശമ്പളം കൊടുക്കാനും പെൻഷൻ കൊടുക്കാനും സാധിക്കാതെ, പാവപ്പെട്ടവന്റെ പൊതുഗതാഗത സംവിധാനത്തെ സ്വാഭാവിക മരണത്തിന് വിട്ടു കൊടുത്തുകൊണ്ടാണ് വരേണ്യ വിഭാഗത്തിന് വേണ്ടി സർക്കാർ സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കിയത്'- വി.ഡി സതീശൻ പറഞ്ഞു.എല്ലാ പൊതുഗതാഗത സംവിധാനങ്ങളും ലോകത്ത് വരുന്നത് മറ്റ് ഗതാഗത സംവിധാനങ്ങളുമായി ബന്ധപ്പെടുത്തിയാണ്. എന്നാൽ സിൽവർലൈൻ മറ്റെല്ലാ ഗതാഗത സംവിധാനങ്ങളേയും വിഴുങ്ങുന്ന പദ്ധതിയാണെന്ന് വി.ഡി സതീശൻ രൂക്ഷമായി വിമർശിച്ചു.പരസ്പരവിരുദ്ധ കണക്കുകളാണ് പദ്ധതിയെ കുറിച്ച് സർക്കാർ പറയുന്നതെന്ന് വി.ഡി സതീശൻ പറഞ്ഞു. പശ്ചിമഘട്ടത്തിലെ മുഴുവൻ മലയും ഇടിച്ച് നിരത്തിയാലും പദ്ധതിക്കുള്ള കല്ല് കിട്ടില്ലെന്നും വി.ഡി സതീശൻ പറഞ്ഞു. പ്രിലിമിനറി ഫീസിബിളിറ്റി റിപ്പോർട്ടിൽ കൃത്രിമം കാണിച്ചുവെന്നും ഡേറ്റ ഫഡ്ജിംഗ് ചെയ്തവർ ജയിലിൽ പോകേണ്ടി വരുമെന്നും വിഡി സതീശൻ പറഞ്ഞു.64,000 കോടി മാത്രമാണ് പദ്ധതിയുടെ ചെലവെന്ന് എന്തടിസ്ഥാനത്തിൽ പറയുന്നുവെന്ന് വിഡി സതീശൻ ചോദിച്ചു. പദ്ധതിയുടെ ചെലവ് രണ്ട് ലക്ഷം കോടിയിലേക്ക് പോകും. പൊലീസിന് ഡീസലടിക്കാൻ പണമില്ലാത്ത, കുട്ടികൾ പാലും മുട്ടയും കൊടുക്കാൻ പണമില്ലാത്ത സർക്കാരാണിതെന്നും വിഡി സതീശൻ വിമർശിച്ചു.



# മൂന്ന് കോടി ചെലവിൽ നിർമിച്ച സ്കൂൾ

## ഉദ്ഘാടനം ചെയ്യണോ പൊളിക്കണോ? പി.സി.വിഷ്ണുനാഥ്

**തിരുവനന്തപുരം:** സിൽവർലൈനിനെതിരായ അടിയന്തര പ്രമേയ ചർച്ചയിൽ സർക്കാരിനെതിരേ രൂക്ഷ വിമർശനവുമായി പി.സി. വിഷ്ണുനാഥ് എംഎൽഎ. ആലുവ കുട്ടമശേരിയിൽ മൂന്ന് കോടി ചെലവിൽ നിർമിച്ച സ്കൂൾ കെട്ടിടം ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. കിഫ്ബി ഫണ്ടിൽ നിന്നും പണിതതാണ്. കെ-റെയിലിനായി അവിടെ കല്ലിട്ടിരിക്കുകയാണ്. ഉദ്ഘാടനം ചെയ്യണോ സ്കൂൾ പൊളിക്കണോ?... ഈ ഗവൺമെന്റിന്റെ തലതിരിഞ്ഞ പദ്ധതിയുടെ സമീപനത്തിന്റെ ഉദാഹരണമാണെന്ന് പി.സി. വിഷ്ണുനാഥ് പറഞ്ഞു. തിരുവനന്തപുരം മുരുക്കുമ്പുഴയിൽ കെ-റെയിൽ കല്ലിടലിനെതിരേ നടത്തിയ പ്രതിഷേധത്തിനെതിരേ പൊലീസിന്റെ അതിക്രമം ഉണ്ടായി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിഷേധിച്ചവർക്കെതിരെ ക്രൂരമായ അതിക്രമാണ് പൊലീസ് നടത്തിയത്. ഇത്തരം പ്രതിഷേധങ്ങളിൽ പങ്കെടുക്കുന്നവരെ രോഗികളെന്നോ സ്ത്രീകളെന്നോ കുട്ടികളെന്നോ ജന പ്രതിനിധികളെന്നോ പരിഗണിക്കാതെ കെ-റെയിൽ കല്ലു സ്ഥാപിക്കുന്നതിനായി എന്ത് ഹീനമായ ആക്രമണവും നടത്താൻ മടിയില്ലാത്ത തരത്തിലേക്ക് കേരളത്തിലെ സർക്കാരും പൊലീസും മാറി.കുട്ടികളുടെ മുന്നിൽ വച്ച് കല്ലിടാൻ വരുന്ന പൊലീസ് അവരുടെ രക്ഷിതാക്കളെ മർദ്ദിക്കുകയാണ്. അച്ഛനേയും അമ്മയേയും വലിച്ചിഴച്ചുകൊണ്ട് പോകുകയാണ്. അവരുടെ കണ്ണീരിനിടയിലൂടെ അച്ഛനേയും അമ്മയേയും വലിച്ചിഴച്ചുകൊണ്ട് പോയി ഒരു മഞ്ഞക്കുറ്റി സ്ഥാപിക്കുന്നത് എന്തിന് വേണ്ടിയാണ്?... സാമൂഹ്യാഘാത പഠനത്തിന് വേണ്ടി. ഈ കുഞ്ഞുങ്ങളുടെ കണ്ണീരനപ്പുരത്ത് സാമൂഹ്യാഘാതത്തിന് ഒരു തെളിവ് വേണോയെന്നും പി.സി.വിഷ്ണുനാഥ് ചോദിച്ചു.സാമൂഹ്യ അതിക്രമം നടത്തിയിട്ടാണ് സാമൂഹ്യാഘാത പഠനം നടത്തുന്നത്. സർക്കാരിന്റെ ഭരണ പരാജയം മറച്ചുവെക്കാനുള്ള പൊങ്ങച്ച പദ്ധതിയാണിത്. സർവീസ് ആൻഡ് ബൗണ്ടറീസ് ആക്ട് പാലിക്കാതെ അടുക്കളയിൽ പോലും കല്ലു കുഴിച്ചിടുകയാണ്. ഇതുപ്രകാരമുള്ള ഏതെങ്കിലും മാനദണ്ഡം പാലിച്ചുകൊണ്ടാണോ കല്ലുകൾ കുഴിച്ചിടുന്നത്. നോട്ടീസു പോലും കൊടുക്കാതെ സാധാരണക്കാരന്റെ വീടുകൾക്കകത്തേക്ക് കടന്നു ചെന്ന് മഞ്ഞ കല്ലുകൾ കുഴിച്ചിടുന്ന ജനാധിപത്യ വിരുദ്ധമായ ഫാസിസമാണ് കെ-റെയിൽ എന്ന വിനാശകരമായ പദ്ധതിക്കായി സർക്കാർ നടപ്പാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# പിങ്ക് പൊലീസ് അപമാനിച്ച കുട്ടിക്ക്

## നഷ്ടപരിഹാരം: ഹൈക്കോടതി ഉത്തരവിനെതിരെ സർക്കാർ

**ആറ്റിങ്ങൽ :** പെൺകുട്ടിയോട് പിങ്ക് പൊലീസ് ഉദ്യോഗസ്ഥ അപമര്യാദയായി പെരുമാറിയ സംഭവത്തിൽ നഷ്ടപരിഹാരം നൽകണമെന്ന സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ അപ്പീലുമായി സർക്കാർ. നഷ്ടപരിഹാരം നൽകണമെന്ന ഉത്തരവ് നിയമപരമായി നിലനിൽക്കില്ലെന്നാണ് സർക്കാർ വാദം. ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ വീഴ്ചകൾക്ക് നഷ്ടപരിഹാരം നൽകാൻ ബാധ്യതയില്ലെന്ന നിലപാടിലാണ് സർക്കാർ.പിങ്ക് പൊലീസ് ഉദ്യോഗസ്ഥ പരസ്യമായി അപമാനിച്ച കുട്ടിക്ക് ഒന്നരലക്ഷം രൂപ നഷ്ടപരഹാരം നൽകണമെന്നാണ് ഹൈക്കോടതി ഉത്തരവിട്ടിരുന്നത്. ഇതിനുപുറമേ കോടതി ചെലവായി 25000 രൂപ കെട്ടിവെക്കണമെന്നും കോടതി പറഞ്ഞിരുന്നു.കഴിഞ്ഞ ആഗസ്റ്റ് മാസത്തിലാണ് തോന്നയ്ക്കൽ സ്വദേശി ജയചന്ദ്രനേയും മൂന്നാം ക്ലാസുകാരി മകളേയും രജിത എന്ന പിങ്ക് പൊലീസ് ഉദ്യോഗസ്ഥ പരസ്യമായി വിചാരണ ചെയ്തത്. തന്റെ മൊബൈൽ ഫോൺ ജയചന്ദ്രൻ മോഷ്ടിച്ചെടുത്ത് മകൾക്ക് കൊടുത്തെന്ന് ആരോപിച്ചായിരുന്നു രജിത ഇവരെ ചോദ്യം ചെയ്തത്. സ്റ്റേഷനിൽ കൊണ്ടുപോയി അച്ഛന്റേയും മകളുടേയും ദേഹപരിശോധന നടത്തുമെന്നും രജിത പറഞ്ഞിരുന്നു. ഫോൺ എടുത്തില്ലെന്ന് പറഞ്ഞിട്ടും രജിത പിന്മാറാൻ തയാറായിരുന്നില്ല. ഒടുവിൽ ഒപ്പമുണ്ടായിരുന്ന മറ്റൊരു വനിത പൊലീസ് ഉദ്യോഗസ്ഥ പിങ്ക് പൊലീസ് വാഹനത്തിലുണ്ടായിരുന്ന രജിതയുടെ ബാഗ് പരിശോധിച്ചപ്പോൾ സൈലന്റിലാക്കിയ നിലയിൽ മൊബൈൽ ഫോൺ കണ്ടെത്തുകയായിരുന്നു.

# ഛത്തീസ്ഗഢിൽ നക്സൽ ആക്രമണം; ഒരു ഐടിബിപി ഉദ്യോഗസ്ഥന് വീരമൃത്യു

**ഛത്തീസ്ഗഡ:** നാരായൺപൂരിൽ നക്സൽ ആക്രമണം. ഐഇഡി സ്ഫോടനത്തിൽ ഒരു ഐടിബിപി ഉദ്യോഗസ്ഥൻ വീരമൃത്യു വരിച്ചു. ഒരു ഹെഡ് കോൺസ്റ്റബിളിനും പരുക്കേറ്റിട്ടുണ്ട്. സ്ഫോടനത്തിൽ പരുക്കേറ്റ ജവാനെ ചികിത്സയ്ക്കായി റായ്പൂരിലേക്ക് അയച്ചതായി പൊലീസ് അറിയിച്ചു. ഐടിബിപിയുടെ സോൻപൂർ ക്യാമ്പിന് മൂന്ന് കിലോമീറ്റർ ചുറ്റളവിലാണ് സംഭവം.നക്സലുകൾ ഐടിബിപിക്കാരെ പതിയിരുന്ന് ആക്രമിക്കുകയായിരുന്നു. ഇന്തോ-ടിബറ്റൻ ബോർഡർ പൊലീസിലെ അസിസ്റ്റന്റ് സബ്-ഇൻസ്പെക്ടറാണ് വീരമൃത്യു വരിച്ചത്.

# കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ കനത്ത നഷ്ടത്തിൽ

**തിരുവനന്തപുരം:** കേരളത്തിന്റെ പ്രധാന വരുമാന സ്രോതസായ ബെവ്റേജസ് കോർപറേഷന്റെ കഴിഞ്ഞ വർഷത്തെ നഷ്ടം 1608.17 കോടി രൂപ. ഏറ്റവും അധികം നഷ്ടമുണ്ടാക്കുന്ന സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടികയിൽ മൂന്നാം സ്ഥാനത്താണ് ബെവ്റേജസ് കോർപറേഷന്റെ സ്ഥാനം. തൊട്ട് മുൻവർഷം 180 കോടി രൂപ ലാഭത്തിൽ ആയിരുന്ന സ്ഥാപനമാണ് ഇക്കുറി നഷ്ടത്തിലേക്ക് കൂപ്പുകുത്തിയത്.കൊവിഡിനെ തുടർന്ന് ഔട്ട്ലെറ്റുകൾ പ്രവർത്തിക്കാതിരുന്നതാണ് നഷ്ടത്തിലേക്ക് നയിച്ചത്. ആകെ വിറ്റുവരവ് 4134.93 കോടിയിൽ നിന്ന് 2527.69 കോടിയായി ആണ് ഇടിഞ്ഞത്. നഷ്ടക്കണക്കിൽ ഒന്നാമത് കെഎസ്ആർടിസി തന്നെയാണ്. 1976.03 കോടി രൂപയാണ് കെഎസ് ആർടിസിയുടെ നഷ്ടം. 1822.35 കോടി രൂപ നഷ്ടവുമായി കെഎസ്ഇബി ആണ് രണ്ടാമത്. കേരള വാട്ടർ അതോറിറ്റി (594.11 കോടി) കെടിഡിഎഫ്സി (63.30 കോടി) എന്നിവയാണ് നഷ്ടക്കണക്കിൽ നാലും അഞ്ചും സ്ഥാനങ്ങളിൽ.ഒരു വർഷം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന നഷ്ടം 6000 കോടിക്ക് മേലെ ആണ്. ബഡ്ജറ്ററി സപ്പോർട്ട് ആയി 7000 കോടിക്ക് മേലെ കൊടുക്കുന്നുമുണ്ട്. അതില്ലായിരുന്നെങ്കിൽ മൊത്തം നഷ്ടം 13000 കോടിക്ക് മേലെയാകും. അതായത് ഓരോ ദിവസവും പതിനേഴു കോടിയോളം നഷ്ടം. കെഎസ് ആർടിസിയും കെടിഡിഎഫ്സിയും കൂടി ദിവസവും ആറു കോടി രൂപയോളം നഷ്ടം ഉണ്ടാക്കുന്നുണ്ട്. ഇതിന് പുറമെയാണ് 400 കോടിക്ക് മേൽ ബാധ്യതയുള്ള ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് കേരളാ സർക്കാർ ഏറ്റെടുത്തത്.കേരളത്തിൽ 150 കോടിക്കുമേൽ ലാഭമുള്ള ഒരു പൊതുമേഖലാ സ്ഥാപനം പോലും ഇല്ല. 63 പൊതുമേഖലാ സ്ഥാപനങ്ങൾ ചേർന്ന് 6,569.25 കോടി രൂപ നഷ്ടമാണ് കഴിഞ്ഞ വർഷം ഉണ്ടാക്കിയത്. മുൻവർഷം ഇത് 1738.25 കോടി രൂപ ആയിരുന്നു. അതേ സമയം ലാഭത്തിൽ പ്രവർത്തിക്കുന്ന 50 സ്ഥാപനങ്ങൾ ചേർന്ന് നേടിയ ലാഭം വെറും 513.79 കോടി രൂപ മാത്രമാണ്. ലാഭത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 369.21 കോടിയുടെ കുറവാണ് ഉണ്ടായത്.ലാഭക്കണക്കിൽ ഒന്നാം സ്ഥാനത്ത് കെഎസ്എഫ്ഇ ആണ്. 146.41 കോടിയാണ് കെഎസ്എഫ്ഇയുടെ ലാഭം. 100 കോടിക്ക് മുകളിൽ ലാഭമുള്ള ഏക സ്ഥാപനവും കെഎസ്എഫ്ഇ ആണ്. 58.28 കോടി ലാഭവുമായി കേരള മിനറൽസ് & മെറ്റൽസ് ആണ് രണ്ടാമത്. കേരള ഫീഡ്സ് (36.07 കോടി), കെഎസ്ഐഡിസി( 26.62 കോടി), കേരള സ്റ്റേറ്റ് ബാക്ക്വേർഡ് ക്ലാസ് ഡെവലപ്പ്മെന്റ് കോർപറേഷൻ ( 23.60 കോടി) എന്നിവയാണ് ആദ്യ അഞ്ചിലുള്ള മറ്റ് സ്ഥാപനങ്ങൾ.

# 'സിൽവർലൈൻ പ്രകടനപത്രികയിലുണ്ട്, ആരെതിർത്താലും നടപ്പാക്കും';എ എൻ ഷംസീർ

**തിരുവനന്തപുരം:** സിൽവർ ലൈൻ പദ്ധതിയെ എതിർത്ത് പ്രതിപക്ഷം ഉന്നയിച്ച വാദങ്ങൾക്ക് നിയമസഭയിൽ മറുപടി പറഞ്ഞ് എ എൻ ഷംസീർ എംഎൽഎ. സിൽവർലൈൻ പദ്ധതി നടപ്പാക്കുമെന്ന് എൽഡിഎഫ് പ്രകടന പത്രികയിൽ തന്നെ പറഞ്ഞെന്നും ജനങ്ങൾ അതിന് അംഗീകാരം നൽകിയെന്നും ഷംസീർ പറഞ്ഞു. ഇനി ആര് എതിർത്താലും പദ്ധതി നടപ്പാക്കും. പ്രതിപക്ഷത്തിന്റെ വികസന വിരുദ്ധനിലപാടുകൾക്ക് അഞ്ച് സംസ്ഥാനങ്ങളിൽ മറുപടി ലഭിച്ചു. എന്തിനെയും എതിർക്കുന്ന മനോഭാവം മാറ്റിയില്ലെങ്കിൽ കോൺഗ്രസ് രക്ഷപ്പെടില്ലെന്നും ഷംസീർ സഭയിൽ പറഞ്ഞു.ഭാവി തലമുറയ്ക്ക് വേണ്ടിയാണ് സിൽവർലൈൻ പദ്ധതി നടപ്പാക്കുന്നതെന്ന് എ എൻ ഷംസീർ ചൂണ്ടിക്കാട്ടി. പദ്ധതി പരിസ്ഥിതിയെ ബാധിക്കുമെന്നത് തെറ്റായ പ്രചരണമാണ്. 2.88 ലക്ഷം കാർബൺ ബഹിർഗമനം സിൽവർലൈൻ പദ്ധതി നടപ്പിലാകുന്നതോടെ കുറയ്ക്കാനാകും. വാഹനാപകടങ്ങൾ കുറയ്ക്കാനും ഗതാഗതക്കുരുക്ക് നിയന്ത്രിക്കാനും സാധിക്കും. എന്തിന് കെ റെയിൽ നടപ്പിലാക്കുന്നുവെന്ന പ്രതിപക്ഷത്തിന്റെ ചോദ്യത്തിനുള്ള മറുപടി തോമസ് ഐസക്കിന്റ പുസ്തകത്തിലുണ്ടെന്നും പ്രതിപക്ഷത്തിന് സൗജന്യമായി പുസ്തകം വിതരണം ചെയ്യാൻ തയാറാണെന്നും ഷംസീർ കൂട്ടിച്ചേർത്തു. പ്രതിപക്ഷത്തിന് വിമോചന സമരം തികട്ടി വരുന്നുണ്ടെന്നും ഷംസീർ വിമർശിച്ചു. ദേശീയ പാതകൾക്കും ജലപാതകൾക്കും മറ്റ് വികസന പദ്ധതികൾക്കുമെതിരായി ഇവന്റ് മാനേജ്മെന്റ് സമരമാണ് കോൺഗ്രസും മുസ്ലീം ലീഗും ഉൾപ്പെടുന്ന പ്രതിപക്ഷം നടത്തുന്നത്. ബിജെപിയും സാമുദായിക മൗദൂദിസ്റ്റുകളും ഒപ്പം ചേരുന്നുമുണ്ട്. രണ്ടാം വിമോചന സമരത്തിനാണ് ഒരുങ്ങുന്നതെങ്കിൽ എൽഡിഎഫ് അത് അനുവദിക്കില്ലെന്നും ഷംസീർ പറഞ്ഞു.ഭൂമി നഷ്ടപ്പെടുന്നവർക്ക് കൃത്യമായി പണം നൽകുമെന്നാണ് സഭയിൽ ഷംസീർ വാദിച്ചത്.വികസനത്തിനായുള്ള തൂണികൾ തകർക്കാൻ ശ്രമിച്ചാൽ ചിലപ്പോൾ പൊലീസിന്റെ മർദനം ഏൽക്കേണ്ടി വന്നെന്നിരിക്കും. പദ്ധതികൾക്കെല്ലാം കമ്മീഷൻ തരപ്പെടുത്തുന്നത് പ്രതിപക്ഷത്തിന്റെ സ്വഭാവമാണെന്നും ഷംസീർ ആഞ്ഞടിച്ചു.

# കേരളം പാർട്ടി ഗ്രാമമല്ല, ഷംസീർ വിഡ്ഢികളുടെ സ്വർഗ്ഗത്തിൽ ജീവിക്കുന്നു; എം കെ മുനീർ

**തിരുവനന്തപുരം:** പ്രതിപക്ഷ എതിർപ്പ് മറികടന്ന് കേരളത്തിൽ സിൽവർ ലൈൻ നടപ്പാക്കാൻ കഴിയില്ലെന്ന് എം കെ മുനീർ എംഎൽഎ. എന്ത് വില കൊടുത്തും പദ്ധതിയെ എതിർക്കും. എതിർക്കുന്നവരെ തല്ലി തോൽപിക്കാൻ കേരളം കമ്മ്യൂണിസ്റ്റ് ഗ്രാമമല്ല. എഎൻ ഷംസീർ എംഎൽഎ വിഡ്ഢികളുടെ സ്വർഗ്ഗത്തിൽ ജീവിക്കുകയാണെന്നും എംകെ മുനീർ പരിഹസിച്ചു.കേരളത്തിലെ സാഹചര്യം കണക്കിലെടുക്കുമ്പോൾ പദ്ധതി പ്രളയത്തിന് കാരണമായേക്കും. പാരിസ്ഥിതിക ആഘാതം സംഭവിക്കും. പദ്ധതിയ്ക്ക് ആവശ്യമായ നിർമ്മാണ വസ്തുക്കൾ കേരളത്തിൽ നിന്നുമാത്രം കണ്ടെത്താൻ കഴിയില്ല. വിദേശത്ത് നിന്നും കല്ലും, മണ്ണും ഇറക്കുമതി ചെയ്യേണ്ടി വരും. ആവശ്യമെങ്കിൽ പുതിയ ക്വാറികൾ ആരംഭിക്കേണ്ടി വരും. പദ്ധതി മൂലം കേരളത്തിലെ ജലാശയങ്ങൾ മലിനമാകുമെന്നും ഡിപിആറിൽ പറയുന്നു. സാമ്പത്തികമായും പദ്ധതി പ്രയോഗികമാവില്ല. സിൽവർ ലൈൻ കേരളത്തെ രണ്ടാക്കും. സർക്കാർ ഡിപിആർ വായിക്കണമെന്നും മുനീർ ആവശ്യപ്പെട്ടു. കെ-റെയിൽ അല്ല, കേരളമാണ് പ്രധാനം. കേരളം വേണമോ കെ റെയിൽ വേണമോ എന്നതിൽ സർക്കാരിന് തീരുമാനം എടുക്കാം. സംസ്ഥാനത്തെ വിട്ടുനൽകാൻ പൊതുസമൂഹം അനുവദിക്കില്ലെന്നും എംകെ മുനീർ വ്യക്തമാക്കി.




SPECIAL-NEWS

# വിവരാവകാശനിയമം അറിയേണ്ടതെല്ലാം ?

ഇന്ത്യൻ ജനാധിപത്യത്തിലെ ഏറ്റവും മഹത്തായ നിയമങ്ങളിലൊന്നാണ് വിവരാവകാശ നിയമം. തങ്ങൾ തിരഞ്ഞെടുക്കപ്പെടുന്ന സർക്കാരുകളും ഭരണം ചലിപ്പിക്കുന്ന ഉദ്യോഗസ്ഥരും എന്തെല്ലാം ചെയ്യുന്നുവെന്ന് അറിയാനുള്ള അവകാശം ജനങ്ങൾക്കുണ്ട്. ഇത് വിവരാവകാശ നിയമം ഉറപ്പുവരുത്തുന്നു. പൊതുഅധികാരികളുടെഅധീനതയിലുള്ള വിവരങ്ങൾ പൗരന്മാർക്ക് നിർബാധം ലഭ്യമാക്കുന്നതിനും സർക്കാരുദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും വർധിപ്പിക്കുന്നതിനുംവേണ്ടി തയ്യാറാക്കിയ നിയമമാണ് വിവരാവകാശ നിയമം. കേന്ദ്ര ഇൻഫർമേഷൻ കമ്മിഷൻ, സംസ്ഥാന ഇൻഫർമേഷൻ കമ്മിഷൻ എന്നിവയുടെ രൂപവത്കരണത്തിനും അറിയാനുള്ള അവകാശത്തിന്റെ ക്രിയാത്മകമായ ഭരണവ്യവസ്ഥ ക്രമപ്പെടുത്തുന്നതിനുമുള്ള നിയമമാണിത്. ഈ നിയമത്തിന്റെ അടിസ്ഥാനലക്ഷ്യം പൗരന് പൊതുവിവരങ്ങൾ ലഭ്യമാക്കുക എന്നതാണ്. (ആർ.ടി.ഐ. ആക്ട്) പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ പൊതുവിവരങ്ങൾ കൈമാറണമെന്നാണ് നിയമം.

ലോകത്തിലാദ്യമായി വിവരാവകാശ നിയമം പാസാക്കിയത് 1766-ൽ സ്വീഡനിലാണ്. ഇപ്പോൾ ഏതാണ്ട് 120 രാജ്യങ്ങളിൽ വിവരാവകാശ നിയമം പ്രാബല്യത്തിലുണ്ട്. 2002-ലെ എുലലറീാ ീള കിളീൃാമശേീി അരേ ആണ് ഇന്ത്യയിലെ വിവരാവകാശ നിയമത്തിന്റെ മുൻഗാമി എന്നറിയപ്പെടുന്നത്. വിവരാവകാശ നിയമം പാസാക്കിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനം തമിഴ്നാടാണ് (1997ൽ).

ഇന്ത്യയിലെ ജനാധിപത്യത്തിന്റെ സൂര്യതേജസ്സ് എന്നറിയപ്പെടുന്ന വിവരാവകാശ നിയമം പാസാകുവാൻ കാരണമായത് രാജസ്ഥാനിൽ സ്ഥാപിതമായ മസ്ദൂർ കിസാൻ ശക്തി സംഘതൻ എന്ന സംഘടനയാണ്. അരുണ റോയ് സ്ഥാപിച്ച സംഘടനയാണ് മസ്ദൂർ കിസാൻ ശക്തിസംഘതൻ. വിവരാവകാശ നിയമം സംബന്ധിച്ച ബിൽ ലോക്സഭയിൽ പാസാക്കിയത് 2005 മേയ് 11-നാണ്. രാജ്യസഭയിലാകട്ടെ 2005 മേയ് 12-നും. ഈ നിയമത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത് 2005 ജൂൺ 15-നാണ്. വിവരാവകാശ നിയമം ഇന്ത്യയിൽ നിലവിൽ വന്നത് 2005 ഒക്ടോബർ 12-നാണ്.

സർക്കാർ സ്ഥാപനങ്ങളിലെ വിശ്വസ്തതയും സുതാര്യതയും വർധിപ്പിക്കുക വഴി അഴിമതി തടയുക എന്നതാണ് ഈ നിയമത്തിന്റെ പ്രധാന ലക്ഷ്യം. വിവരാവകാശം ഒരു മൗലികാവകാശമാണെന്ന് സുപ്രീംകോടതി പ്രഖ്യാപിച്ചത് അനുച്ഛേദം 19(1)(മ) പ്രകാരമാണ്. വിവരാവകാശ നിയമം 2005 പ്രകാരം നമ്മൾ വിവരം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ടത് ഓഫീസുകളിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിനാണ്. വിവരാവകാശ നിയമപ്രകാരം 2 പട്ടികകൾ /ഷെഡ്യൂളുകൾ ഉണ്ട്. ഒന്നാംപട്ടിക എന്തൊക്കെ സ്ഥാപനങ്ങളിൽനിന്ന് വിവരങ്ങൾ ശേഖരിക്കാം എന്നും രണ്ടാംപട്ടിക ഏതൊക്കെ സ്ഥാപനങ്ങൾക്ക് വിവരം നിഷേധിക്കാമെന്നുമാണ് പ്രതിപാദിക്കുന്നത്. ഇന്ത്യയിൽ ആദ്യ വിവരാവകാശ അപേക്ഷ നൽകിയ വ്യക്തി ഷാഹിദ് റാസ ബെർണേയാണ്. പുണെ പോലീസ്സ്റ്റേഷനിലാണ് ഷാഹിദ് റാസ ബെർണേ അപേക്ഷ നൽകിയത്.

കേന്ദ്ര വിവരാവകാശ കമ്മിഷൻ

2005 ഒക്ടോബർ 12-ന് വിവരാവകാശം നിയമം 2005-ലെ 12-ാം വകുപ്പ് പ്രകാരമാണ് കേന്ദ്ര വിവരാവകാശ കമ്മിഷൻ രൂപവത്കരിച്ചത്. ഇതിൽ കേന്ദ്ര ചീഫ് ഇൻഫർമേഷൻ കമ്മിഷണറും പത്തിൽ കൂടാത്ത ഇൻഫർമേഷൻ കമ്മിഷണർമാരും അടങ്ങുന്നതാണ് കേന്ദ്ര വിവരാവകാശ കമ്മിഷൻ. പ്രധാനമന്ത്രി, ലോക്സഭാ പ്രതിപക്ഷ നേതാവ്, പ്രധാനമന്ത്രി നാമനിർദേശം ചെയ്യുന്ന ഒരു ക്യാബിനറ്റ് മന്ത്രി എന്നിവരടങ്ങുന്ന മൂന്നംഗ കമ്മിറ്റിയുടെ ഉപദേശപ്രകാരം പ്രസിഡന്റാണ് കേന്ദ്ര മുഖ്യ വിവരാവകാശ കമ്മിഷണറെയും കമ്മിഷണർമാരെയും നിയമിക്കുന്നത്. കേന്ദ്ര വിവരാവകാശ കമ്മിഷനിലെ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുന്നതും രാജിക്കത്ത് സമർപ്പിക്കേണ്ടതും പ്രസിഡന്റിന്റെ മുന്നിലാണ്.

അത്യാവശ്യഘട്ടങ്ങളിൽ സുപ്രീംകോടതിയുടെ ഉപദേശപ്രകാരം കേന്ദ്ര മുഖ്യവിവരാവകാശ കമ്മിഷണറെയും കമ്മിഷണർമാരെയും തത്സ്ഥാനത്തുനിന്ന് നീക്കം ചെയ്യാനുള്ള അധികാരം പ്രസിഡന്റിൽ നിക്ഷിപ്തമാണ്. മുഖ്യവിവരാവകാശ കമ്മിഷണറും മറ്റ് കമ്മിഷണർമാരും പൊതുരംഗത്തും സാങ്കേതികവിദ്യ, നിയമം, ശാസ്ത്രം, ഭരണം, ഭരണനിർവഹണം, മാസ് മീഡിയ, സാമൂഹികസേവനം എന്നീ മേഖലകളിലും പരിജ്ഞാനമുള്ളവരായിരിക്കണം. അതുപോലെ ഈ അംഗങ്ങൾ ഇന്ത്യയിലെ ഒരു നിയമനിർമാണ സഭകളിലും അംഗമാകാനും ഒരു രാഷ്ട്രീയപ്പാർട്ടിയുടെയും പ്രതിനിധിയാകാനും പാടുള്ളതല്ല.

സംസ്ഥാന വിവരാവകാശ കമ്മിഷൻ

2005 ഡിസംബർ 19-നാണ് കേരള സംസ്ഥാന വിവരാവകാശ കമ്മിഷൻ രൂപവത്കരിച്ചത്. സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മിഷണറും 10-ൽ കൂടാത്ത ഇൻഫർമേഷൻ കമ്മിഷണർമാരും അടങ്ങുന്നതാണ് സംസ്ഥാന വിവരാവകാശ കമ്മിഷൻ. മുഖ്യമന്ത്രി, സംസ്ഥാന അസംബ്ലിയിലെ പ്രതിപക്ഷനേതാവ്, മുഖ്യമന്ത്രി നാമനിർദേശം ചെയ്യുന്ന ഒരു കാബിനറ്റ് മന്ത്രി എന്നിവരടങ്ങിയ മൂന്നംഗ കമ്മിറ്റിയുടെ ശുപാർശപ്രകാരമാണ് ഗവർണർ സംസ്ഥാന മുഖ്യവിവരാവകാശ കമ്മിഷണറെയും കമ്മിഷണർമാരെയും നിയമിക്കുന്നത്. സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മിഷണറും കമ്മിഷണർമാരും സത്യപ്രതിജ്ഞ ചെയ്യുന്നതും രാജിക്കത്ത് സമർപ്പിക്കുന്നതും ഗവർണർക്ക് മുൻപിലാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ സുപ്രീംകോടതിയുടെ നിർദേശപ്രകാരം സംസ്ഥാന മുഖ്യവിവരാവകാശ കമ്മിഷണറെയും കമ്മിഷണർമാരെയും നീക്കം ചെയ്യുന്നതും ഗവർണറാണ്.

**പ്രധാന സെക്ഷനുകൾ**

1. സെക്ഷൻ **2(f):** വിവരം

നിലവിൽ പ്രാബല്യത്തിലുള്ള ഏത് നിയമം മുഖേനയും ഒരു പൊതു അധികാരിക്ക് ഏതുരൂപത്തിലും ലഭ്യമാക്കാവുന്ന, രേഖകൾ, പ്രമാണങ്ങൾ, കുറിപ്പുകൾ, സർക്കുലറുകൾ, ഉത്തരവുകൾ, ലോഗ് ബുക്ക്, കരാറുകൾ, റിപ്പോർട്ടുകൾ, പേപ്പറുകൾ, ഇ-മെയിലുകൾ, അഭിപ്രായങ്ങൾ, ഉപദേശങ്ങൾ, പത്രക്കുറിപ്പുകൾ, പേപ്പറുകൾ, സാമ്പിളുകൾ, മാതൃകകൾ തുടങ്ങിയ ഏത് വസ്തുക്കളും ഏതെങ്കിലും സ്വകാര്യസ്ഥാപനത്തെ സംബന്ധിച്ച ഏതെങ്കിലും ഇലക്ട്രോണിക്സ് രൂപത്തിൽ ശേഖരിച്ചിട്ടുള്ള വസ്തുക്കളും ഉൾപ്പെടുന്നു. ഈ രീതിയിലുള്ള രേഖകൾ പരിശോധിക്കാനും പകർപ്പുകൾ എടുക്കാനും ഇലക്ട്രോണിക്സ് മാധ്യമത്തിലുള്ള വിവരങ്ങൾ ശേഖരിക്കാനുമുള്ള അവകാശമാണ് വിവരാവകാശം.

2. സെക്ഷൻ 8: വിവരം വെളിപ്പെടുത്തലിൽനിന്ന് ഒഴിവാക്കൽ

താഴെ പറയുന്ന വിവരങ്ങളെ ഈ നിയമപ്രകാരം വെളിപ്പെടുത്തുന്നതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്:

- ഇന്ത്യയുടെ പരമാധികാരത്തെയും അഖണ്ഡതയെയും രാഷ്ട്രസുരക്ഷയെയും ഇന്ത്യയുടെ യുദ്ധതന്ത്രം, ശാസ്ത്രസാമ്പത്തിക താത്പര്യം എന്നിവയെയും അന്തർദേശീയ സൗഹാർദ പരിപാലനത്തെയും ബാധിക്കുന്ന വിവരങ്ങൾ
- കോടതികളുടെയോ ട്രിബ്യൂണലുകളുടെയോ അവകാശലംഘനങ്ങൾക്ക് കാരണമാകുന്നതോ കോടതിയുത്തരവുകൾ വഴി പരസ്യപ്പെടുത്തുന്നത് തടഞ്ഞിരിക്കുന്നതോ ആയ വിവരങ്ങൾ
- പാർലമെന്റിന്റെയോ സംസ്ഥാന നിയമസഭയുടെയോ പ്രത്യേക അവകാശങ്ങളുടെ ലംഘനത്തിന് കാരണമായേക്കാവുന്ന വിവരങ്ങൾ
- പൊതുജനതാത്പര്യമില്ല എന്ന് യുക്താധികാരിക്ക് തൃപ്തികരമായി ബോധ്യപ്പെട്ടതും മൂന്നാംകക്ഷിയുടെ മത്സരാധിഷ്ഠിത സ്ഥാനത്തിന് ഹാനികരമായേക്കാവുന്ന വ്യാപാര രഹസ്യങ്ങൾ, സ്വത്ത് - വാണിജ്യ വിശ്വാസ്യത എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ.
- പൊതുജനതാത്പര്യപ്രകാരം വെളിപ്പെടുത്തൽ ആവശ്യപ്പെടുന്നില്ലെന്ന് യുക്താധികാരിക്ക് തൃപ്തികരമായി ബോധ്യപ്പെട്ടതും ഒരാൾക്ക് അയാളുടെ പരസ്പര വിശ്വാസാധിഷ്ഠിതമായ ബന്ധത്തിലൂടെ (**Fiduciary Relationship**) ലഭിച്ചതുമായ വിവരങ്ങൾ
- പരസ്പര വിശ്വാസത്തിൽ വിദേശരാജ്യങ്ങളിൽനിന്ന് സ്വീകരിച്ച വിവരങ്ങൾ.
- ഏതെങ്കിലും വ്യക്തികളുടെ ജീവനോ ശാരീരിക സുരക്ഷയോ അപകടത്തിലാക്കുന്നതോ സുരക്ഷാ ഉദ്ദേശ്യങ്ങൾക്കോ നിയമനടത്തിപ്പിലേക്കായി വിശ്വാസ്യതയിൽ കൈമാറിയ വിവരങ്ങളുടെ ഉറവിടം തിരിച്ചറിയാൻ കഴിയുന്നതുമായ വിവരങ്ങൾ.
- കുറ്റവാളികളുടെ വിചാരണയെയോ അറസ്റ്റിനെയോ അന്വേഷണപ്രക്രിയയ്ക്കോ തടസ്സം വരുത്തുന്ന വിവരങ്ങൾ
- മന്ത്രിസഭാ സെക്രട്ടറിമാർ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ നിരൂപണങ്ങൾ ഉൾപ്പെടുന്ന മന്ത്രിസഭാ രേഖകൾ. മന്ത്രിസഭാ തീരുമാനങ്ങൾ എടുക്കാൻ ആധാരമാക്കിയ വസ്തുതകളും കാരണങ്ങളും തീരുമാനങ്ങൾ നടപ്പിലാക്കിയശേഷം പരസ്യമാക്കേണ്ടതാണ്. ഈ വകുപ്പ് പ്രകാരം വെളിപ്പെടുത്തലിൽനിന്ന് ഒഴിവാക്കപ്പെട്ട വിവരങ്ങൾ നൽകേണ്ടതില്ല.
- വ്യക്തിപരമായ വിവരങ്ങളെ സംബന്ധിക്കുന്നതോ പൊതുതാത്പര്യവും പ്രവർത്തനങ്ങളുമായി ഒരു ബന്ധവുമില്ലാത്തതും ഒരു വ്യക്തിയുടെ സ്വകാര്യതയെ ലംഘിക്കുന്നതുമായ വിവരങ്ങൾ. പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരോ അപ്പീൽ അധികാരികളോ ഈ വിവരങ്ങളുടെ വെളിപ്പെടുത്തൽ പൊതുജനതാത്പര്യാർഥമാണെന്ന് കാണാത്തിടത്തോളം ഒഴിവാക്കിയിരിക്കുന്നു.

പാർലമെന്റിനും നിയമനിർമാണസഭകൾക്കും നിഷേധിക്കാത്ത ഒരു വിവരവും വ്യക്തിക്കും നിഷേധിക്കാവുന്നതല്ല.

3. സെക്ഷൻ 9: വിവരങ്ങൾ നിരസിക്കാനുള്ള മറ്റു ചില കാരണങ്ങൾ

എട്ടാംവകുപ്പിലെ ഉള്ളടക്കത്തിന് തടസ്സം വരാതെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരോ അപേക്ഷയിൽ പ്രതിപാദിക്കുന്ന വിവരങ്ങൾ രാഷ്ട്രത്തിന്റേതല്ലാത്ത ഒരു വ്യക്തിയുടെ പകർപ്പവകാശ ലംഘനമാണെങ്കിൽ ആ വിവരങ്ങൾ നിരസിക്കാവുന്നതാണ്.

4. സെക്ഷൻ 10: വേർതിരിക്കൽ

(1) വിവരങ്ങൾ ലഭിക്കുന്നതിനുള്ള ഒരപേക്ഷ 'ഒഴിവാക്കപ്പെട്ടിരിക്കുന്ന' എന്ന കാരണത്താൽ നിരസിക്കുകയാണെങ്കിൽ ഈ നിയമത്തിൽ എന്തെല്ലാം പ്രസ്താവിച്ചിരുന്നാലും ഈ വിവരങ്ങളിൽ അനുവദിക്കാവുന്ന ഭാഗങ്ങളുള്ള പക്ഷം ആ ഭാഗം മറ്റ് ഒഴിവാക്കപ്പെട്ട ഭാഗങ്ങളിൽനിന്ന് വേർതിരിക്കാവുന്നതാണെങ്കിൽ അനുവദിക്കാവുന്ന ഭാഗത്തെ വിവരങ്ങൾ നൽകേണ്ടതാണ്. 1-ാം ഉപവകുപ്പുപ്രകാരം രേഖയുടെ ഒരു ഭാഗം വിവരങ്ങൾ മാത്രം നൽകുമ്പോൾ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ താഴെ പറയുന്നവ അപേക്ഷകനെ അറിയിക്കണം.

എ) ഒഴിവാക്കപ്പെട്ട ഭാഗങ്ങൾ കഴിച്ചുള്ള രേഖയിലെ വിവരങ്ങൾ മാത്രമാണ് നൽകിയിരിക്കുന്നത്.

ബി) തീരുമാനത്തിന്റെ കാരണങ്ങളും വസ്തുതാപരമായ കണ്ടെത്തലുകളും അവയ്ക്ക് ആധാരമായ വസ്തുതകളും

സി) തീരുമാനമെടുക്കുന്നയാളുടെ പേരും തസ്തികയും.

ഡി) അപേക്ഷ സമർപ്പിക്കുന്നയാൾ കണക്കാക്കേണ്ട ഫീസിന്റെ വിശദാംശങ്ങളും അപേക്ഷകൻ നല്കേണ്ട ഫീസും

ഇ) വിവരങ്ങൾ വെളിപ്പെടുത്താതെ ഒരു ഭാഗം ഒഴിവാക്കപ്പെട്ട തീരുമാനം പുനഃപരിശോധിക്കുന്നതിനുള്ള അപേക്ഷകന്റെ അവകാശങ്ങളും ഫീസും, അപേക്ഷാപത്രം, സമയ പരിധി, പ്രക്രിയ എന്നിവ കൂടാതെ 19-ാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള മുതിർന്ന ഉദ്യോഗസ്ഥൻ, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, എന്നിവരെക്കുറിച്ചുള്ള വിശദാംശങ്ങളും ഉൾപ്പെടുത്തണം

5. സെക്ഷൻ 11: മൂന്നാംകക്ഷി വിവരങ്ങൾ

എ. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സമർപ്പിക്കപ്പെട്ടിരിക്കുന്ന ഒരു അപേക്ഷയിന്മേൽ മൂന്നാംകക്ഷിയെ സംബന്ധിക്കുന്ന എന്തെങ്കിലും വിവരങ്ങളോ രേഖകളോ അല്ലെങ്കിൽ അയാളിൽനിന്ന് സ്വീകരിച്ചതും മൂന്നാംകക്ഷി രഹസ്യമായി കണക്കാക്കുന്നതുമായ വിവരങ്ങൾ വെളിപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ അപേക്ഷ കിട്ടി അഞ്ചുദിവസത്തിനുള്ളിൽ ആ ഉദ്യോഗസ്ഥൻ അപേക്ഷയെക്കുറിച്ചും വെളിപ്പെടുത്തുന്ന ഭാഗമോ, രേഖയോ വ്യക്തമാക്കിക്കൊണ്ട് ഒരു നോട്ടീസ് നൽകേണ്ടതും ഇക്കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ വാക്കാലോ രേഖാമൂലമോ മൂന്നാംകക്ഷി സമർപ്പിക്കേണ്ടതാണ്. വിവരങ്ങൾ വെളിപ്പെടുത്തണമോ വേണ്ടയോ എന്ന് തീരുമാനമെടുക്കുമ്പോൾ മൂന്നാംകക്ഷിയുടെ ഈ ആക്ഷേപവും പരിഗണിക്കേണ്ടതുണ്ട്. എന്നാൽ നിയമപ്രകാരം സംരക്ഷണമുള്ള വ്യാപാര-വ്യവസായ രഹസ്യങ്ങളൊഴിച്ചുള്ള സംഗതികളിൽ മൂന്നാംകക്ഷിക്ക് സംഭവിക്കാവുന്ന ദോഷങ്ങളെക്കാളും ഉപദ്രവങ്ങളെക്കാളും കൂടുതൽ പ്രാധാന്യം പൊതുതാത്പര്യത്തിനാണെങ്കിൽ അത്തരം വിവരങ്ങൾ നൽകാവുന്നതാണ്.

ബി. ഒന്നാം ഉപവകുപ്പ് പ്രകാരം നൽകിയിരിക്കുന്ന നോട്ടീസ് ലഭിച്ച് പത്തുദിവസത്തിനുള്ളിൽ മൂന്നാംകക്ഷിക്ക് വിവരങ്ങളുടെ വെളിപ്പെടുത്തൽ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അത് ബോധിപ്പിക്കാനുള്ള അവസരം നൽകേണ്ടതാണ്.

സി. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആറാം വകുപ്പുപ്രകാരമുള്ള അപേക്ഷ സ്വീകരിച്ച് 40 ദിവസത്തിനുള്ളിൽ രണ്ടാം ഉപവകുപ്പ് പ്രകാരം മൂന്നാംകക്ഷിക്ക് ആക്ഷേപം ബോധിപ്പിക്കാനുള്ള അവസരം നൽകിയശേഷം വിവരങ്ങളോ രേഖകളോ വെളിപ്പെടുത്തണമോ വേണ്ടയോ എന്ന് തീരുമാനമെടുക്കുകയും അത് സംബന്ധിച്ച് മൂന്നാം കക്ഷിക്ക് ഒരു നോട്ടീസ് അയക്കുകയും വേണം.

സി. മൂന്നാം ഉപവകുപ്പുപ്രകാരം നൽകുന്ന നോട്ടീസിൽ മൂന്നാംകക്ഷിക്ക് അപ്പീൽ നൽകുന്നതിനുള്ള അവകാശത്തെക്കുറിച്ച് ഒരു പ്രസ്താവന ഉൾപ്പെടുത്തിയിരിക്കണം.

അപേക്ഷ

വിവരങ്ങൾ ലഭിക്കാൻ ആഗ്രഹിക്കുന്ന വ്യക്തി ആവശ്യമുള്ള രേഖകളുടെ വിവരങ്ങൾ വ്യക്തമാക്കിക്കൊണ്ട് ഇംഗ്ലീഷിലോ ഹിന്ദിയിലോ അപേക്ഷ നൽകുന്ന സ്ഥലത്തെ ഔദ്യോഗിക ഭാഷയിലോ തയ്യാറാക്കിയ ഒരപേക്ഷ രേഖാമൂലം നേരിട്ടോ തപാലിലോ ഇലക്ട്രോണിക് മാധ്യമം വഴിയോ നിർദിഷ്ട ഫീസ് ഉൾപ്പെടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ അപേക്ഷ എഴുതി നൽകാൻ പറ്റാത്ത വ്യക്തിക്ക് പറയുന്ന അപേക്ഷ രേഖപ്പെടുത്തുന്നതിനുള്ള യുക്തമായ സഹായം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ചെയ്തുകൊടുക്കേണ്ടതാണ്. അപേക്ഷകനെ ബന്ധപ്പെടുന്നതിനാവശ്യമായ വിവരങ്ങളല്ലാതെ അപേക്ഷയ്ക്കുള്ള കാരണങ്ങളോ മറ്റേതെങ്കിലും വ്യക്തിപരമായ വിശദാംശങ്ങളോ അപേക്ഷകനിൽനിന്ന് ആവശ്യപ്പെടാവുന്നതല്ല. മറ്റൊരു പൊതു അധികാരിയുടെ പ്രവർത്തനങ്ങളുമായി വളരെ അടുത്ത് ബന്ധപ്പെട്ടുകിടക്കുന്ന വിഷയമോ അല്ലെങ്കിൽ മറ്റൊരു പൊതു അധികാരിയുടെ കൈവശമുള്ള വിവരങ്ങൾ ലഭിക്കുന്നതിനായി ഒരപേക്ഷ പൊതു അധികാരിയുടെ പക്കൽ സമർപ്പിച്ചാൽ ആ അധികാരി ആ അപേക്ഷയോ അപേക്ഷയുടെ ആവശ്യമുള്ള ഭാഗമോ ഔചിത്യപൂർവം ബന്ധപ്പെട്ട പൊതുഅധികാരിക്ക് അയക്കുകയും പെട്ടെന്നുതന്നെ അപേക്ഷകനെ വിവരമറിയിക്കുകയും വേണം. കേന്ദ്രസംസ്ഥാന നിയമ നിർമാണ സഭകൾ നിർമിച്ച നിയമമനുസരിച്ചോ ഭരണഘടനയനുസരിച്ചോ സർക്കാർ ഉത്തരവനുസരിച്ചോ സ്ഥാപിക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും സർക്കാർ നിയന്ത്രണത്തിലുള്ളതുമായ എല്ലാ പൊതുസ്ഥാപനങ്ങളും വിവരാവകാശത്തിന്റെ പരിധിയിൽപ്പെടുന്നതാണ്. നിലവിലുള്ള നിയമം വഴി ഒരു സ്വകാര്യ സ്ഥാപനത്തിലെ വിവരങ്ങൾ ഏതെങ്കിലും പൊതുസ്ഥാപനത്തിന് പരിശോധിക്കാൻ അധികാരമുണ്ടെങ്കിൽ ഈ സ്വകാര്യ സ്ഥാപനവും വിവരാവകാശ നിയമത്തിന്റെ പരിധിയിൽപെടും.

സമയപരിധി

വിവരാവകാശ പ്രകാരം ഒരപേക്ഷ സമർപ്പിച്ചാൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കഴിയുന്നത്ര വേഗത്തിൽ, പരമാവധി 30 ദിവസത്തിനുള്ളിൽ, നിർദിഷ്ട ഫീസ് വാങ്ങി ആവശ്യപ്പെട്ട വിവരങ്ങൾ നൽകണം. അപേക്ഷ സമർപ്പിച്ചത് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കാണെങ്കിൽ 35 ദിവസത്തിനുള്ളിൽ മറുപടി ലഭ്യമാക്കണം. വിവരാവകാശം വഴി ആവശ്യപ്പെട്ട വിവരം വ്യക്തിയുടെ ജീവനെയും സ്വാതന്ത്ര്യത്തെയും സംബന്ധിച്ചുള്ളതാണെങ്കിൽ 48 മണിക്കൂറിനുള്ളിൽ മറുപടി ലഭ്യമാക്കണം. വിവരാവകാശ അപേക്ഷയിൽ മൂന്നാംകക്ഷിയുടെ വിവരം ഉൾപ്പെടുന്നു എങ്കിൽ 40 ദിവസത്തിനുള്ളിലാണ് മറുപടി നൽകേണ്ടത്. മൂന്നാംകക്ഷിയോട് അഭിപ്രായമാരായാനുള്ള സമയപരിധി അഞ്ച് ദിവസമാണ്. വിവരാവകാശ അപേക്ഷ മറ്റൊരു വിവരാധികാരിക്ക് കൈമാറാനുള്ള സമയപരിധി അഞ്ച് ദിവസമാണ്.

വിവരാവകാശ മറുപടിക്കുമേൽ ഒന്നാം അപ്പീൽ നൽകേണ്ടത് മറുപടി ലഭിച്ച്/മറുപടി ലഭിക്കേണ്ടതായ സമയപരിധി അവസാനിച്ച് 30 ദിവസത്തിനുള്ളിലാണ്. ഒന്നാം അപ്പീൽ തീർപ്പാക്കേണ്ട കാലയളവും 30 ദിവസമാണ്. രണ്ടാം അപ്പീൽ സമർപ്പിക്കേണ്ടത് 90 ദിവസത്തിനുള്ളിലാണ്. വിവരങ്ങൾ നൽകുന്നതിന് കൂടുതൽ ഫീസ് തുക അതിന്റെ ചെലവിനായി വാങ്ങിക്കാൻ തീരുമാനം എടുക്കുന്നപക്ഷം അപേക്ഷകനെ കൂടുതൽ ഫീസ് സംബന്ധിച്ച വിവരങ്ങൾ അറിയിക്കുകയും ഈ ഫീസ് അടയ്ക്കാൻ ആവശ്യപ്പെടുകയും വേണം. അപ്രകാരം അറിയിക്കേണ്ടതിലേക്കും ഫീസ് ഒടുക്കേണ്ടതിലേക്കും വേണ്ടിവരുന്ന സമയം 30 ദിവസത്തെ കാലയളവ് കണക്കാക്കുമ്പോൾ ഒഴിവാക്കുന്നതാണ്. വിവരാവകാശ അപേക്ഷ നിരസിക്കുന്നപക്ഷം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷ നിരസിച്ച കാരണങ്ങളും അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള കാലയളവും അപ്പീൽ അധികാരിയുടെ വിവരങ്ങളും അപേക്ഷകനെ അറിയിക്കേണ്ടതാണ്. പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ തീരുമാനത്തിനെതിരായി പ്രസ്തുത ഓഫീസിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ തൊട്ടുമുകളിലുള്ള ഉദ്യോഗസ്ഥനാണ് അപ്പീൽ സമർപ്പിക്കേണ്ടത്. രണ്ടാം അപ്പീൽ 90 ദിവസത്തിനകം കേന്ദ്ര/സംസ്ഥാന വിവരാവകാശ കമ്മിഷന് നൽകണം. അപേക്ഷിക്കുന്ന തീയതി മുതൽ 20 വർഷം മുൻപുവരെയുള്ള കാര്യങ്ങൾ മാത്രമാണ് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നത്. ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെ തീരുമാനമാണ് അന്തിമം.

വിവരാവകാശ ഫീസ്

വിവരാവകാശ നിയമം 2005 പ്രകാരം ഒരു വിവരം തിരക്കുന്നതിനുള്ള അപേക്ഷാ ഫീസ് അല്ലെങ്കിൽ അപേക്ഷാഫോമിൽ ഒട്ടിക്കേണ്ട കോർട്ട് ഫീസ്റ്റാമ്പിന്റെ തുക 10 രൂപയാണ്. ഈ ഫീസിൽനിന്ന് ഒഴിവാക്കിയിട്ടുള്ള വിഭാഗം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ **(BPL)** ആണ്. വിവരാവകാശത്തിന്റെ ഫീസ് കോർട്ട്ഫീ സ്റ്റാമ്പ് മുഖേനയോ ഗവൺമെന്റ് ട്രഷറി മുഖേനയോ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഓഫീസിൽ നിർദിഷ്ട രശീതി വഴിയോ ഡിമാൻഡ് ഡ്രാഫ്റ്റ്/ബാങ്ക് ചെക്ക് വഴിയോ പോസ്റ്റൽ ഓർഡർ വഴിയോ അടയ്ക്കാം. നിശ്ചിത സമയപരിധിക്കുള്ളിൽ ശരിയായ വിവരം നൽകുന്നതിൽ വീഴ്ച വരുത്തുന്ന പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഒരു ദിവസം 250 രൂപ വീതം പിഴ നൽകണം. ഇങ്ങനെ പിഴ അടയ്ക്കുമ്പോൾ പരമാവധി പിഴ 25000 രൂപ വരെയാണ്. വിവരാവകാശ നിയമപ്രകാരം അ4 പേജിൽ വിവരം ലഭിക്കുന്നതിനുള്ള പുതിയ നിരക്ക് മൂന്ന് രൂപയാണ് **(A4/A3** പേജിൽ വിവരം ലഭിക്കുന്നതിന് മുൻപ പേജൊന്നിന് രണ്ട് രൂപയായിരുന്നു) വലിയ സൈസ് പേപ്പറിൽ വിവരം ലഭിക്കുന്നതിനായി അതിന് ചെലവാകുന്ന തുക നൽകേണ്ടിവരും. ഫ്ളോപ്പി ഡിസ്ക്/സി.ഡി.യിൽ വിവരം ലഭിക്കുന്നതിനുള്ള പുതിയ നിരക്ക് 75 രൂപയാണ്. (മുൻപ് ഇത് 50 രൂപയായിരുന്നു). വിവരം നേരിട്ട് പരിശോധിക്കുന്നതിന് ആദ്യ ഒരുമണിക്കൂർ സൗജന്യവും തുടർന്നുള്ള ഓരോ മണിക്കൂറും അഞ്ച് രൂപ വീതവും നൽകണം.

**വിവരാവകാശ ഭേദഗതി നിയമം**

വിവരാവകാശ നിയമം 2005-ൽ ഭേദഗതികൾ വരുത്തി 2019-ൽ വിവരാവകാശ ഭേദഗതിബിൽ ലോക്സഭയിൽ അവതരിപ്പിച്ചത് കേന്ദ്രമന്ത്രി ജിതേന്ദ്രസിങ് ആണ്. 2019 ജൂലായ് 19-നായിരുന്നു അവതരണം. ബിൽ ലോക്സഭ പാസാക്കിയത് 2019 ജൂലായ് 22-നും രാജ്യസഭ പാസാക്കിയത് 2019 ജൂലായ് 25-നും രാഷ്ട്രപതി ഒപ്പുവെച്ചത് 2019 ഓഗസ്റ്റ് ഒന്നിനുമാണ്.

ഈ ഭേദഗതിബിൽ പ്രകാരം കേന്ദ്ര-സംസ്ഥാന വിവരാവകാശ കമ്മിഷണർമാരുടെയും മറ്റ് വിവരാവകാശ കമ്മിഷണർമാരുടെയും കാലാവധി തീരുമാനിക്കാനുള്ള അധികാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാക്കി. കാലാവധി മൂന്ന് വർഷമായി ചുരുക്കുകയും ചെയ്തു. (മുൻപ് അത് 5 വർഷം അല്ലെങ്കിൽ 65 വയസ്സായിരുന്നു) 2019-ലെ ഭേദഗതി നിയമം അനുസരിച്ച് കേന്ദ്ര മുഖ്യവിവരാവകാശ കമ്മിഷണറുടെ ശമ്പളം 2,50,000 രൂപയാക്കി. കേന്ദ്ര വിവരാവകാശ കമ്മിഷണർമാർ, സംസ്ഥാന മുഖ്യവിവരാവകാശ കമ്മിഷണർ, സംസ്ഥാന വിവരാവകാശ കമ്മിഷണർമാർ എന്നിവരുടെ ശമ്പളം 2,25,000 രൂപയായി ഉയർത്തി. ഈ ഭേദഗതി നിയമത്തോടെ കേന്ദ്ര സംസ്ഥാന വിവരാവകാശ കമ്മിഷൻ അംഗങ്ങളുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും തീരുമാനിക്കാനുള്ള അധികാരവും കേന്ദ്ര സർക്കാരിനാണ്.


ഇവ മറക്കരുത്

* കേന്ദ്രവിവരാവകാശ കമ്മിഷന്റെ ഇപ്പോഴത്തെ ആസ്ഥാനം ന്യൂഡൽഹിയിലെ സി.ഐ.സി. ഭവനാണ്. മുൻപ് ഈ ആസ്ഥാനം അറിയപ്പെട്ടിരുന്നത് ഓഗസ്റ്റ് ക്രാന്തി ഭവൻ എന്നായിരുന്നു.
* ആദ്യത്തെ കേന്ദ്ര മുഖ്യ വിവരാവകാശ കമ്മിഷണർ വജാഹത് ഹബീബുള്ളയാണ്. രണ്ടാമത്തെ മുഖ്യ വിവരാവകാശ കമ്മിഷണർ എ.എൻ. തിവാരി.
* കേന്ദ്രമുഖ്യവിവരാവകാശ കമ്മിഷണറുടെ റാങ്കിന് തുല്യമായ പദവി കാബിനറ്റ് സെക്രട്ടറിയുടെതാണ്.
* ഇത് വരെ ഇന്ത്യയിൽ 2 വനിതകൾ മുഖ്യവിവരാവകാശ കമ്മിഷണറായിട്ടുണ്ട്. കേന്ദ്ര മുഖ്യ വിവരാവകാശ കമ്മിഷണറായ ആദ്യ വനിതയാണ് ദീപക് സന്ധു. ഈ പദവിയിലെത്തുന്ന രണ്ടാമത്തെ വനിതയാണ് സുഷമ സിങ്.
* നിലവിലെ കേന്ദ്ര മുഖ്യവിവരാവകാശ കമ്മിഷണർ യശ്വർധൻകുമാർ സിൻഹയാണ്. ഇദ്ദേഹം ഈ സ്ഥാനത്തെത്തുന്ന 11-ാമത്തെ വ്യക്തിയാണ്
* സുപ്രീംകോടതിക്കും ഹൈക്കോടതിക്കും ഒഴികെ മറ്റൊരു കോടതിക്കും വിവരാവകാശം സംബന്ധിച്ച കേസുകളിൽ ഇടപെടുവാൻ അധികാരമില്ല.
* സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഓഫീസും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുമെന്ന് 2019-ൽ വിധിയുണ്ടായി. ഈ വിധി പറഞ്ഞ അഞ്ചംഗ സുപ്രീംകോടതി ബെഞ്ചിന്റെ തലവൻ ജസ്റ്റിസ് രഞ്ജൻ ഗൊഗോയ് ആയിരുന്നു.
* ടെലിഫോണിലൂടെ വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയ ആദ്യസംസ്ഥാനം ഉത്തർപ്രദേശാണ്.
* വിവരാവകാശ വിവരം നൽകുന്നതിൽ വീഴ്ച വരുത്തിയ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ ജാമ്യമില്ലാ അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ച ആദ്യ സംസ്ഥാനം അരുണാചൽപ്രദേശ്
* കേരളത്തിലെ ആദ്യ മുഖ്യവിവരാവകാശ കമ്മിഷണർ പാലാട്ട് മോഹൻദാസ് ആണ്. നിലവിലെ സംസ്ഥാന മുഖ്യവിവരാവകാശ കമ്മിഷണർ വിശ്വാസ് മേത്ത്.

**വിവരാവകാശനിയമത്തിന്റെ പരിധിയിൽ വരാത്തവ**

നാഷണൽ സെക്യൂരിറ്റി ഗാർഡ്
റിസർച്ച് ആൻഡ് അനാലിസിസ് വിങ്
ഇൻഡോ - ടിബറ്റൻ ബോർഡർ പോലീസ്
അസം റൈഫിൾസ്
ഇന്റലിജൻസ് ബ്യൂറോ
നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ
സമശസ്ത്ര സീമാബൽ
ഡയറക്ടർ ജനറൽ ഇൻകം ടാക്സ്
ബോർഡർ സെക്യൂരിറ്റി ഫോഴ്സ്
ഡയറക്ടറേറ്റ് ഓഫ് എൻഫോഴ്സ്മെന്റ്
ബോർഡർ റോഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ
സെൻട്രൽ റിസർവ് പോലീസ് ഫോഴ്സ്

സെക്യൂരിറ്റി എജൻസികൾ, ഇന്റലിജൻസ് ബ്യൂറോ എന്നിവയെ വിവരാവകാശത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും അഴിമതി, മനുഷ്യാവകാശലംഘനം എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ കേന്ദ്ര വിവരാവകാശ കമ്മിഷന്റെയോ സംസ്ഥാന വിവരാവകാശ കമ്മിഷന്റെയോ അനുമതിയോടെ നൽകാവുന്നതാണ്.



# അമേരിക്കയെ രോഷാകുലരാക്കി വീണ്ടും ചൈന; റഷ്യക്കൊപ്പം ചൈനയും ചേർന്നെന്ന് അമേരിക്ക

**മോസ്കോ:** സമ്മർദ്ദം കുറയ്ക്കാൻ തന്ത്രങ്ങളുമായി റഷ്യ. അമേരിക്കയെ കൂടുതൽ രോഷാകുലരാക്കുന്ന നീക്കമാണ് ചൈന നടത്തുന്നത്.സൈനിക സഹായമാണ് റഷ്യ അഭ്യർത്ഥിച്ചിരിക്കുന്നത്. കടുത്ത ശൈത്യമേഖലയിൽ പ്രവർത്തന പരിചയമുള്ള സൈനികരുടെ സേവനം ലഭ്യമാക്കണമെന്നാണ് ആവശ്യം. ഒപ്പം ചൈനയോട് ആയുധങ്ങളും റഷ്യ ആവശ്യപ്പെട്ടെന്നാണ് വിവരം.ഇതിനിടെ റഷ്യ സൈനിക-ആയുധസഹായം ആവശ്യപ്പെട്ടെന്ന അമേരിക്കയുടെ വാദം ചൈന തള്ളി. നിലവിൽ റഷ്യൻ മേഖലയിലുണ്ടായിരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളിൽ ആശങ്കയുണ്ട്. ഇരുരാജ്യങ്ങളിലേയും പ്രശ്നങ്ങൾ കൂടുതൽ നാശങ്ങളില്ലാതെ പരിഹരിക്കപ്പെടണമെന്നാണ് ആഗ്രഹമെന്നും അമേരിക്കയിലെ ചൈനീസ് എംബസി വക്താവ് ലിയു പെൻഗ്യൂ വ്യക്തമാക്കി.ചൈന റഷ്യയ്ക്ക് വഴിവിട്ട് സഹായം നൽകുന്നത് തടയാൻ ഒരുങ്ങുകയാണ് അമേരിക്ക. ഔദ്യോഗികമല്ലാത്ത വിവിധ ഉപരോധങ്ങളിലൂടെ ചൈനയ്ക്കെതിരെ നീങ്ങുകയാണ് അമേരിക്ക. ഇതിനിടെ യുക്രെയ്ൻ വിഷയത്തിൽ ചൈനീസ് സ്ഥാനപതിയെ വിളിച്ചുവരുത്തി തങ്ങളുടെ അനിഷ്ടം അമേരിക്ക രേഖപ്പെടുത്തിയിരുന്നു. അമേരിക്കൻ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജേക് സുള്ളിവൻ ചൈനയുടെ സുരക്ഷാ ഉപദേഷ്ടാവ് യാംഗ് ജീച്ചിയുമായി അടിയന്തിര കൂടിക്കാഴ്ച തീരുമാനിച്ചിരിക്കുകയാണ്. റഷ്യയെ ഒറ്റപ്പെടുത്തനാണ് അമേരിക്ക കിണഞ്ഞുപരിശ്രമിക്കുന്നത്.യുക്രെയ്നെതിരെ റഷ്യ അധിനിവേശം തുടങ്ങിയതിനെ തുടക്കം മുതൽ ചൈനയാണ് ആദ്യം പിന്തുണച്ച രാജ്യം. റഷ്യയുടെ അഖണ്ഡത കാക്കാൻ ആ രാജ്യത്തിന് എല്ലാ അധികാരവും അവകാശവുമുണ്ടെന്ന് ഷീ ജിംഗ് പിംഗ് പ്രസ്താവന നടത്തിയിരുന്നു. അമേരിക്കയോടുള്ള ചൈനയുടെ ശത്രുത റഷ്യയെ പിന്തുണയ്ക്കുന്നതിന്റെ ആക്കം കൂട്ടിയിരിക്കുകയാണ്. ഏഷ്യൻ മേഖലയിൽ ക്വാഡ് സഖ്യത്തിലൂടെ ചൈനയെ വളയാൻ അമേരിക്ക നടത്തുന്ന ശ്രമവും റഷ്യ പിന്തുണയ്ക്കുന്നതിൽ ചൈനയ്ക്ക് ഊർജ്ജം പകരുകയാണ്.



# ചെർണോബിൽ ആണവ നിലയം സുരക്ഷിതം; സംവിധാനങ്ങൾ പ്രവർത്തനക്ഷമമെന്ന് യുക്രെയ്ൻ

**കീവ്:** റഷ്യൻ ആക്രമണം തുടരുമ്പോഴും ആണവ നിലയങ്ങൾക്ക് അക്രമത്തിൽ തകരാർ സംഭവിച്ചിരിക്കാമെന്ന ആശങ്ക ഒഴിയുന്നു.ചെർണോബിൽ മേഖലയിൽ റഷ്യ മിസൈൽ ആക്രമണം നടത്തിയെന്നാണ് യുക്രെയ്ൻ ആരോപിച്ചത്. എന്നാൽ ആണവ നിലയിത്തിലേ ക്കല്ല അതിന് സമീപത്തുള്ള സൈനിക കേന്ദ്രങ്ങളാണ് തകർത്തതെന്ന് റഷ്യ വിശദീകരണം നൽകിയിരുന്നു. ആക്രമണത്തെ തുടർന്ന് നഷ്ടപ്പെട്ട സാങ്കേതിക ബന്ധം ഇന്നലെയോടെ പുന:സ്ഥാപിച്ചെന്നാണ് യുക്രെയ്ൻ സ്ഥിരീകരിക്കുന്നത്. റഷ്യൻ സൈനികരുടെ നിയന്ത്രണത്തിലുള്ള മേഖലയിൽ പരിശോധന നടത്താനായെന്നും യുക്രെയ്ൻ ആണവ വകുപ്പ് മേധാവി റഫേൽ മറീയാനോ ഗ്രോസി അറിയിച്ചു.യുക്രെയ്ന്റെ ആണവ മേഖലയിലെ പ്രമുഖ സ്ഥാപനമായ എനർഗോആറ്റം, പെട്രോ കോറ്റിൻ എന്നിവരാണ് ആണവ നിലയം സുരക്ഷിതമെന്ന് പരിശോധനകളിലൂടെ സാക്ഷ്യപ്പെടു ത്തിയത്. രണ്ടു ലൈനുകളിൽ തകരാർ സംഭവിച്ചിരുന്നെന്നും അതിൽ ഒരെണ്ണം പരിഹരിച്ചെന്നുമാണ് വിവരം. ആണവ നിലയത്തിലേക്കുള്ള വൈദ്യുത സംവിധാനം പുന:സ്ഥാപിച്ചു. അപകടരമായ രീതിയിൽ കിടന്നിരുന്ന ആണവ വികിരണ സാദ്ധ്യതകളുള്ള മാലിന്യങ്ങളും സുരക്ഷിത സ്ഥാനത്തേക്ക് മാറ്റിയെന്നും കമ്ബനികൾ പറഞ്ഞു.റഷ്യയുടെ അക്രമണമുണ്ടായതിന് പിന്നാലെ വൈദ്യുതി തടസ്സപ്പെട്ടത് വലിയ ആശങ്കുണ്ടാ ക്കിയിരുന്നു. ഒപ്പം ആഗോള ആണവ നിയന്ത്രണ ഏജൻസിക്ക് ചെർണോബിലുമായ ബന്ധം നഷ്ടപ്പെട്ടതും വാർത്തയായി. വൈദ്യുത ബന്ധം ഡീസൽ ജനറേറ്ററുകൾ ഉപയോഗിച്ചാണ് താൽക്കാലികമായി പുന:സ്ഥാപിച്ചത്.



# യുഎസ് ആയുധങ്ങൾ യുക്രെയ്നിലേക്ക്, ആക്രമണം ശക്തമാക്കി റഷ്യ

**വാഷിങ്ടൻ ഡിസി:** വൈറ്റ് ഹൗസ് യുക്രെയ്ന് 200 മില്യൻ ഡോളറിന്റെ യുദ്ധോപകരണങ്ങൾ അയയ്ക്കാൻ തീരുമാനിച്ചത് റഷ്യയെ കൂടുതൽ പ്രകോപിപ്പിച്ചു. മാർച്ച് 12 ശനിയാഴ്ചയാണ് ഇതു സംബന്ധിച്ച് വൈറ്റ്ഹൗസ് പ്രഖ്യാപനം പുറത്തുവിട്ടത്.കഴിഞ്ഞ മാസം 350 മില്യൻ വിലമതിക്കുന്ന ഉപകരണങ്ങൾ യുക്രെയ്നു നൽകിയിരുന്നു. യുക്രെയ്നിലേക്ക് യുഎസ് അയയ്ക്കുന്ന ആയുധങ്ങൾ റഷ്യൻ സേനയ്ക്കു നേരെ പ്രയോഗിക്കുമെന്ന മോസ്കോ ഡപ്യൂട്ടി വിദേശകാര്യ വകുപ്പ് മന്ത്രി സെർജി യെമ്പകോവ് ശനിയാഴ്ച പറഞ്ഞു. യുഎസിന്റെ തീരുമാനം കൂടുതൽ അപകടകരമാണെന്നും യുക്രെയ്നു നേരെ ആക്രമണം ശക്തിപ്പെടുത്താൻ റഷ്യ നിർബന്ധിതമായിരിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഇതിന്റെ പ്രതിഫലനമെന്നോണം യുക്രെയ്ൻ ശനിയാഴ്ച ബോംബാക്രമണം ശക്തമാക്കി. യുക്രെയ്ൻ തലസ്ഥാനം മിക്കവാറും വളയപ്പെട്ടു കഴിഞ്ഞുവെന്നും മന്ത്രി പറഞ്ഞു, അമേരിക്കൻ ആയുധങ്ങളുടെ വാഹന വ്യൂഹത്തെ ആക്രമിക്കാൻ പരിപാടികൾ ഇല്ലെന്നും എന്നാൽ ഇതൊരു അപകടകരമായ നീക്കമാണെന്നും അദ്ദേഹം ആവർത്തിച്ചു.ശനിയാഴ്ച രാവിലെ യുക്രെയ്ൻ തലസ്ഥാന നഗരത്തിൽ വലിയ സ്ഫോടന ശബ്ദങ്ങൾ കേട്ടിരുന്നുവെന്നും വ്യോമമാർഗവും കരമാർഗവും നടത്തുന്ന ആക്രമണത്തിൽ തലസ്ഥാന നഗരത്തിലെ ജനങ്ങൾ ഭീതിയുടെ നിഴലിലാണ്. സിറ്റിയുടെ മധ്യത്തിൽ നിന്നും 15 കിലോ മീറ്റർ അകലെ നോർത്ത് വെസ്റ്റ് ഭാഗത്ത് റഷ്യൻ സൈന്യം എന്തിനും തയാറായിട്ടാണു നിൽക്കുന്നത്. കിവിയുടെ പതനം ഏതു സമയത്തും സംഭവിക്കാം.

# ഇന്ത്യൻ മിസൈൽ പതിച്ച സംഭവം: പ്രതികരിക്കാമായിരുന്നിട്ടും സംയമനം പാലിച്ചെന്ന് പാക് പ്രധാനമന്ത്രി ഇംറാൻ ഖാൻ



**ലാഹോർ:** തന്റെ രാജ്യത്തെ പഞ്ചാബ് പ്രവിശ്യയിൽ ഇന്ത്യയുടെ സൂപ്പർ സോണിക് മിസൈൽ പതിച്ച സംഭവത്തിൽ പ്രതികരിക്കാമായിരുന്നിട്ടും സംയമനം പാലിക്കുകയായിരുന്നുവെന്ന് പാക് പ്രധാനമന്ത്രി ഇംറാൻ ഖാൻ.ഇന്ത്യയുടെ സൂപ്പർ സോണിക് മിസൈൽ അബദ്ധത്തിൽ പാക് മണ്ണിൽ പതിച്ചതിന്റെ യാഥാർഥ്യം സംബന്ധിച്ച് ഇന്ത്യ ഔദ്യോഗികമായി വിശദീകരിച്ചിരുന്നു. പാകിസ്താന് ഇത് സംബന്ധിച്ച് ബോധ്യപ്പെടുത്തുകയും ചെയ്തിരുന്നു. വിഷയത്തിൽ പ്രതികരിക്കാമായിരുന്നിട്ടും യാഥാർഥ്യം മനസിലാക്കി പാകിസ്താൻ സംയമനം പാലിക്കുകയായിരുന്നെന്ന് ഇംറാൻ ഖാൻ പറഞ്ഞു.പാക് പഞ്ചാബിലെ ഹാഫിസാബാദ് ജില്ലയിൽ പൊതു റാലിയെ അഭിസംബോധന ചെയ്യവെയായിരുന്നു ഇമ്രാൻ ഖാന്റെ പ്രതികരണം. മാർച്ച് ഒമ്പതിനാണ് ഇന്ത്യൻ സൂപ്പർസോണിക് മിസൈൽ ലാഹോറിൽ നിന്ന് 275 കിലോ മീറ്റർ അകലെ മിയാൻ ചന്നുവിനടുത്തുള്ള ഒരു കോൾഡ് സ്റ്റോറേജ് വെയർഹൗസിൽ പതിച്ചത്.അതേസമയം, മിസൈൽ അബദ്ധത്തിൽ പതിച്ചതു സംബന്ധിച്ച് ഇന്ത്യയുടെ 'ലളിത വിശദീകരണം' തൃപ്തികരമല്ലെന്നും സംഭവത്തെ ചുറ്റിപ്പറ്റിയുള്ള വസ്തുതകൾ കൃത്യമായി സ്ഥാപിക്കാൻ സംയുക്ത അന്വേഷണം വേണമെന്നും പാകിസ്താൻ വിദേശകാര്യ ഓഫിസ് ശനിയാഴ്ച പറഞ്ഞു. എന്നാൽ, സാങ്കേതിക തകരാർ കാരണം പതിവ് അറ്റകുറ്റപ്പണികൾക്കിടെ മിസൈൽ 'അബദ്ധത്തിൽ തൊടുത്തുവിട്ടതാണ്' എന്ന് ഇന്ത്യ അറിയിച്ചിട്ടുണ്ട്. സംഭവത്തിൽ 'ഉന്നത തല അന്വേഷണത്തിന്' ഉത്തരവിട്ടിട്ടുണ്ടെന്നും ഇന്ത്യ പറഞ്ഞു.



# റഷ്യയിൽ യുദ്ധവിരുദ്ധ പ്രതിഷേധം ശക്തം; 800-ലേറെ പേർ പിടിയിൽ

**മോസ്കോ:** അയൽരാജ്യമായ യുക്രെയ്നെ ആക്രമിക്കുന്നതിനെതിരെ റഷ്യയിൽ പ്രക്ഷോഭം ശക്തമാകുന്നു.യുദ്ധവിരുദ്ധ പ്രക്ഷോഭവുമായി ജനങ്ങൾ വീണ്ടും തെരുവിൽ ഇറങ്ങി.ഞായറാഴ്ച മാത്രം 37 റഷ്യൻ നഗരങ്ങളിൽ നിന്നായി 817 പേരെ അറസ്റ്റ് ചെയ്തു. തലസ്ഥാനമായ മോസ്കോയിൽ നിന്ന് മാത്രം 300 പേരെയാണ് പ്രതിഷേധിച്ചതിൻറെ പേരിൽ പിടിയിലായി.

BUSINESS NEWS




# ഡിജിറ്റൽ ടിക്കറ്റിംഗ്: ഐആർസിടിസിയും പേടിഎമ്മും കരാറിൽ ഒപ്പിട്ടു

രാജ്യത്തെ റെയിൽവേ സ്റ്റേഷനുകളിൽ, ഡിജിറ്റൽ ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് ഐആർസിടിസിയും (ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് ആൻഡ് ടൂറിസം കോർപ്പറേഷൻ) പേടിഎമ്മും കരാർ ഒപ്പിട്ടു. യാത്രക്കാർക്ക് റിസർവ് ചെയ്യാത്ത ട്രെയിൻ ടിക്കറ്റുകൾ, പ്ലാറ്റ്ഫോം ടിക്കറ്റുകൾ, സീസൺ ടിക്കറ്റ് പുതുക്കൽ എന്നിവയ്ക്കെല്ലാം ഓട്ടോമാറ്റിക് ടിക്കറ്റ് വെൻഡിങ്ങ് (എടിവിഎം) മെഷീൻ ഉപയോഗിക്കാം. സ്മാർട്ട് കാർഡുകൾ റീചാർജ് ചെയ്യാനും കഴിയും.പേടിഎം യുപിഐ, പേടിഎം വാലറ്റ്, പേടിഎം പോസ്റ്റ് പെയ്ഡ്, നെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ് എന്നിങ്ങനെ വിവിധ പേയ്മെന്റുകൾ അനായാസം നടത്താനും സാധിക്കും.രാജ്യത്തുടനീളമുള്ള റെയിൽവേ സ്റ്റേഷനുകളിൽ ടിക്കറ്റ് വെൻഡിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇന്ത്യയിൽ ക്യൂ ആർ കോഡ് അടിസ്ഥാനമാക്കിയുള്ള പേയ്മെന്റുകൾക്ക് പേടിഎം തുടക്കമിട്ടിരുന്നു. റെയിൽവേ യാത്രക്കാരുടെ പണരഹിത യാത്ര പ്രോത്സാഹിപ്പിക്കുന്നതിനായി എടിവി എമ്മുകളിൽ, യുപിഐ വഴി ടിക്കറ്റിംഗ് സേവനങ്ങൾക്ക്, ഡിജിറ്റലായി പണമടയ്ക്കുന്നതിനുള്ള ഓപ്ഷൻ റെയിൽവേ ലഭ്യമാക്കുന്നത് ഇതാദ്യമാണ്. റെയിൽവേ സ്റ്റേഷനുകളിലെ എടിവിഎമ്മുകൾ ടച്ച് സ്ക്രീൻ ഉള്ള കിയോസ്ക്കുകളാണ്. യാത്രക്കാർക്ക് ഡിജിറ്റലായി പണം അടയ്ക്കാൻ ഇത് അനുവദിക്കും.ഇന്ത്യയിലെ മുൻനിര ഡിജിറ്റൽ പേയ്മെന്റ്, സാമ്പത്തിക സേവന ദാതാക്കളാണ് പേടിഎം. സൗണ്ട് ബോക്സ്, ഇഡിസി, ക്യൂ ആർ, പേയ്മെന്റ് ഗേറ്റ്വേ എന്നീ സേവനങ്ങളും പേടിഎമ്മിനുണ്ട്.




# റിലയൻസ് ക്യാപിറ്റലിനെ സ്വന്തമാക്കാൻ അദാനി ഉൾപ്പെടെ 14 സ്ഥാപനങ്ങൾക്ക് താൽപ്പര്യം

**ന്യൂഡൽഹി:** കടക്കെണിയിലായ റിലയൻസ് ക്യാപിറ്റൽ ഏറ്റെടുക്കാൻ താൽപ്പര്യം പ്രകടിപ്പിച്ച 14 പ്രമുഖ സ്ഥാപനങ്ങളിൽ അദാനി ഫിൻസെർവ്, കെകെആർ, പിരമൽ ഫിനാൻസ്, പൂനാവാല ഫിനാൻസ് എന്നിവയും.ലേലത്തിൽ പങ്കെടുക്കുന്നതിന് കമ്ബനികൾ ബിഡ് നൽകുന്നതിനുള്ള അവസാന തിയതി റിസർവ് ബാങ്ക് നിയമിച്ച അഡ്മിനിസ്ട്രേറ്റർ ഈ മാസം 25 വരെ നീട്ടിയിട്ടുണ്ട്. മാർച്ച് 11 വരെയായിരുന്നു ആദ്യം നിശ്ചയിച്ചിരുന്നത്.ഇടപാടിലെ വീഴ്ചകളും, ഗുരുതരമായ ഭരണ പ്രശ്നങ്ങളും കണക്കിലെടുത്ത് കഴിഞ്ഞ വർഷം നവംബർ 29 ന് റിലയൻസ് ക്യാപിറ്റൽ ലിമിറ്റഡിന്റെ (ആർസിഎൽ) ബോർഡിനെ റിസർവ് ബാങ്ക് അസാധുവാക്കിയിരുന്നു. റിസർവ് ബാങ്കിന്റെ പാപ്പരത്വ നടപടികൾ നേരിടുന്ന മൂന്നാമത്തെ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമാണ് റിലയൻസ് കാപിറ്റൽ. ശ്രേയ് ഗ്രൂപ്പ് എൻബിഎഫ്സിയും, ദിവാൻ ഹൗസിംഗ് ഫിനാൻസ് കോർപ്പറേഷനുമായിരുന്നു (ഡിഎച്ച്എഫ്എൽ) മറ്റ് രണ്ട് കമ്ബനികൾ. ബിഡ് സമർപ്പിക്കാൻ കൂടുതൽ സമയം ആവശ്യപ്പെട്ട് കൂടുതൽ കമ്ബനികൾ മുന്നോട്ട് വന്നതോടെയാണ് സമയ പരിധി പുനക്രമീകരിച്ചത്. ആർപ് വുഡ്, വാർഡേ പാട്ണേഴ്സ്, മൾട്ടിപ്പിൾസ് ഫണ്ട്, നിപ്പൺ ലൈഫ്, ജെസി ഫ്ളവേഴ്സ്, ബ്രുക്ക്ഫീൽഡ്, ഓക്ട്രീ, അപ്പോളോ ഗ്ലോബൽ, ബ്ലാക്സ്റ്റോൺ, ഹീറോ ഫിൻകോർപ എന്നിവയാണ് റിലയൻസ് കാപിറ്റലിനായി ഈ മാസം മുന്നോട്ട് വന്നത്. ബിഡർമാർക്ക് രണ്ട് ഓപ്ഷനുകളുണ്ട്. ഒന്നുകിൽ അവർക്ക് റിലയൻസ് കാപിറ്റലിനെ മുഴുവനായി ഏറ്റെടുക്കാം, അല്ലെങ്കിൽ കമ്ബനിയുടെ എട്ട് അനുബന്ധ സ്ഥാപനങ്ങളിൽ ഒന്നോ അതിലധികമോ ലേലം വിളിക്കാം. എന്നാൽ നിലിവിൽ ബിഡ് സമർപ്പിച്ച മുഴുവൻ കമ്ബനികളും ആർസിഎലിനെ പൂർണ്ണമായി ഏറ്റെടുക്കാൻ തയ്യാറായിരിക്കുകയാണ്. റിലയൻസ് ജനറൽ ഇൻഷുറൻസ്, റിലയൻസ് നിപ്പൺ ലൈഫ് ഇൻഷുറൻസ്, റിലയൻസ് സെക്യൂരിറ്റീസ്, റിലയൻസ് അസറ്റ് റീകൺസ്ട്രക്ഷൻ കമ്ബനി, റിലയൻസ് ഹോം ഫിനാൻസ്, റിലയൻസ് കൊമേഴ്സ്യൽ ഫിനാൻസ് എന്നിവയാണ് റിലയൻസ് ക്യാപിറ്റലിന്റെ സബ്സിഡിയറികൾ.

# തേർഡ്വെയർ കമ്പനിയെ ഏറ്റെടുക്കാൻ ഒരുങ്ങി ടെക് മഹീന്ദ്ര

**ന്യൂഡൽഹി:** മുംബൈ ആസ്ഥാനമായുള്ള എന്റർപ്രൈസ് ആപ്ലിക്കേഷൻ കമ്ബനിയായ തേർഡ്വെയറിനെ പൂർണമായും ഏറ്റെടുക്കാനൊരുങ്ങി ഐടി കമ്ബനിയായ ടെക് മഹീന്ദ്ര.ഏകദേശം 322 കോടി രൂപയുടേതാണ് ഏറ്റെടുക്കൽ നടപടിയെന്നാണ് കമ്ബനി അറിയിച്ചിരിക്കുന്നത്. ഈ വർഷം മെയ് മാസത്തോടെ ഏറ്റെടുക്കൽ പൂർത്തിയാക്കാനാകുമെന്നും, കമ്ബനിയുടെ ഓട്ടോമോട്ടീവ് കൺസൾട്ടിംഗ്, ഡിസൈൻ, ഡെവലപ്മെന്റ്, ഇംപ്ലിമെന്റേഷൻ തുടങ്ങിയ ഡിജിറ്റൽ സൊലൂഷനുകളും സേവനങ്ങളും വർധിക്കാനും ഏറ്റെടുക്കൽ കാരണമാകുമെന്ന് ടെക് മഹീന്ദ്ര പ്രതീക്ഷിക്കുന്നു. തേർഡ്വെയറിന്റെ സേവനങ്ങളുടെ എൻഡ്-ടു-എൻഡ് നടപ്പാക്കലിനുള്ള കഴിവും, ഇആർപി സൊല്യൂഷനുകളുടെ ആഗോളതലത്തിലുള്ള സ്വീകാര്യതയും ടെക് മഹീന്ദ്രയ്ക്ക് നിർമ്മാണ മേഖലയിൽ മുൻതൂക്കം നൽകുമെന്ന് ടെക് മഹിന്ദ്ര അഭിപ്രായപ്പെട്ടു. തേർഡ്വെയർ സൊല്യൂഷൻസിന് 850 ലധികം ജീവനക്കാരുണ്ട്. 2020-21 വർഷം കമ്ബനി 210.6 കോടി രൂപ വരുമാനം നേടി. നടപ്പ് സാമ്ബത്തിക വർഷത്തിലെ ആദ്യ 10 മാസങ്ങളിൽ 226.5 കോടി രൂപയുടെ വിറ്റുവരവും രേഖപ്പെടുത്തി.

# അവയവ ക്ഷാമം: സമഗ്രമായ രണ്ടു പദ്ധതികളുമായി ആരോഗ്യ മേഖല

അവയവ ദാനം കാത്തുകിടക്കുന്ന 18 പേർ പ്രതിദിനം മരണമടയുന്നു അവയവ ക്ഷാമം മൂലം മനുഷ്യജീവനുകൾ നഷ്ടപ്പെടുന്നതിന് ഒരു പരിധിവരെ പരിഹാരം കാണാൻ മെഡിക്കൽ സമൂഹം രണ്ടു സമഗ്ര പരിപാടികൾക്ക് രൂപം നൽകി. സ്വാപും ഡൊമിനോയും.രണ്ടു കുടുംബങ്ങൾ തമ്മിലുള്ള അവയവ ദാനമാണ് സ്വാപ്. നേരത്തെ അവയവം സ്വീകരിച്ചിട്ടുള്ള വ്യക്തിയിൽ നിന്നും അവയവം സ്വീകരിക്കുന്ന പരിപാടിയാണ് ഡൊമിനോ.ഇന്ത്യയിൽ അവയവ ദാനം കാത്തുകിടക്കുന്ന 18 പേരാണ് പ്രതിദിനം മരണമടയുന്നത്. വൃക്കരോഗം മൂലം ഓരോ അഞ്ചു മിനിറ്റിലും ഇന്ത്യയിൽ ഒരാൾ വീതം മരിക്കുന്നു.കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പല കാര്യത്തിലും മാതൃകയാണെങ്കിലും അവയവദാനത്തിനെതിരെ മുഖം തിരിക്കുന്ന പ്രവണതയാണുള്ളത്. ഉദാഹരണത്തിന് 2021 ജൂണിൽ കേരളത്തിൽ 1802 പേർ വൃക്കയ്ക്ക് കാത്തുകിടക്കുമ്പോൾ 2012-21 കാലയളവിൽ മരിച്ചവരിൽ 551 പേരുടെ വൃക്കകൾ മാത്രമാണ് ലഭിച്ചത്.മസ്തിഷ്ക മരണം ബാധിച്ച 5-10 ശതമാനം പേരിൽ നിന്നു മാത്രമാണ് അവയവങ്ങൾ ലഭിക്കുക. അതേസമയം ഓരോ വർഷവും 1.5 ലക്ഷം മസ്തിഷ്ക മരണങ്ങളാണ് ഇന്ത്യയിൽ സംഭവിക്കുന്നത്. ഇതിൽ ഭൂരിഭാഗവും ശ്മശാനത്തിലേയ്ക്കാണ് കൊണ്ടുപോകുന്നതെന്നും ഡോ. ടി.ടി. പോൾ പറഞ്ഞു.അവയവ ദാനത്തിന് ഓരോ വ്യക്തിയും മുന്നോട്ടു വന്നാൽ വിലയേറിയ ജീവനുകൾ രക്ഷിക്കാനാകും. അവയവങ്ങൾക്കു വേണ്ടിയുള്ള കാത്തിരിപ്പ് ഒരു പരിധിവരെ കുറച്ചു കൊണ്ടുവരാനും കഴിയും.അവയവദാനത്തെപ്പറ്റി നിരന്തരം ബോധവൽക്കരണം അനിവാര്യമാണെന്ന് തൃശൂർ വെസ്റ്റ് ഫോർട്ട് ഹൈടെക് ആശുപത്രിയിലെ നെഫ്രോളജിസ്റ്റ് ഡോ. ടി.ടി. പോൾ അഭിപ്രായപ്പെടുന്നു. നമ്മുടെ അവയവങ്ങൾ ആർക്കും പ്രയോജനപ്പെടാതെ ശ്മശാനങ്ങളിലേയ്ക്ക് പോകുന്നതിനെതിരെയും ബോധവൽക്കരണം വേണം.അവയവ ദാതാക്കൾക്ക് നിയമകുരുക്കുകളെയാണ് പേടി. ഒട്ടുമിക്ക സംസ്ഥാനങ്ങളിലും ലളിതമായ നിയമവ്യവസ്ഥകൾ മാത്രമാണുള്ളതെന്ന് ഡോ. ടി.ടി. പോൾ പറഞ്ഞു. മൃതശരീരത്തിൽ നിന്നുള്ള അവയവം സ്വീകരിക്കുന്നതിന് ചില വ്യവസ്ഥകൾ ഉണ്ട്. അത് സാമ്പത്തിക ദുരുപയോഗവും കച്ചവടവും തടയാനുള്ളതാണ്.അവയവദാനത്തിന്റെ പ്രധാന പ്രശ്നം അവയവങ്ങൾ കിട്ടുന്നില്ല എന്നതു തന്നെയാണ്. ഇതിനു പരിഹാരം കാണാൻ മെഡിക്കൽ സമൂഹം പല നൂതന പരിപാടികൾക്കും രൂപം നല്കിയിട്ടുണ്ട്. സ്വാപ്, ഡോമിനോ എന്നിവയാണ് അതിൽ പ്രധാനം.രണ്ടു കുടുംബങ്ങൾ തമ്മിലുള്ള അവയവ മാറ്റമാണ് സ്വാപ്. നേരത്തെ അവയവ മാറ്റത്തിനു വിധേയനായിട്ടുള്ള വ്യക്തിയിൽ നിന്നും അവയവം സ്വീകരിക്കുന്നതാണ് ഡോമിനോ. ഡോണർമാരുടെ പൂൾ വിപുലമാക്കാൻ ഡോമിനോ സഹായിക്കും. വൃക്കയും കരളും ഹൃദയവും ശ്വാസകോശങ്ങളും വരെ ഈ സ്കീമിൽ ഉൾപ്പെടുന്നു. ഇത് പ്രോത്സാഹജനകമാണെന്ന് ഡോ. പോൾ അഭിപ്രായപ്പെട്ടു. ദാതാവിന്റെയും സ്വീകർത്താവിന്റെയും രക്തഗ്രൂപ്പ് ഒത്തുപോകണമെന്നതാണ് പ്രധാനം. ഒരാളുടെ രക്തത്തിൽ ആന്റിബോഡി ഉണ്ടെങ്കിൽ അത് അവയവങ്ങളെ തിരസ്കരിക്കും. ഏതായാലും മരുന്നുകളുടെ ഫലപ്രാപ്തി വർധിക്കുന്നതോടെ അവയവമാറ്റം വലിയൊരു പ്രശ്നം ആയിരിക്കില്ലെന്ന് ഡോ. പോൾ പറയുന്നു. ഒപ്പം ബോധവത്ക്കരണം ശക്തമാക്കുകയും വേണം.

# എൽഐസി ഐപിഒയ്ക്ക് മെയ് 12 വരെ സമയം

പൊതുമേഖലാ സ്ഥാപനം ലൈഫ് ഇൻഷുറൻസ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ പ്രാരംഭ ഓഹരി വിൽപ്പന മെയ് മാസം വരെ നീണ്ടേക്കാം.മാർച്ച് 31ന് ഉള്ളിൽ എൽഐസി ലിസ്റ്റ് ചെയ്യും എന്നായിരുന്നു കേന്ദ്രസർക്കാർ നേരത്തെ അറിയിച്ചത്. എന്നാൽ നിലവിൽ സെബിയിൽ നിന്ന് ലഭിച്ച അനുമതി പ്രകാരം മെയ് 12 വരെ ഐപിഒ നടത്താൻ എൽഐസിക്ക് സമയം ലഭിക്കും. നടപ്പ് സാമ്ബത്തിക വർഷം ഈ മാസം അവസാനിക്കാനിരിക്കെ പൊതുമേഖല സ്ഥാപനങ്ങളുടെ ഓഹരി വിൽപ്പനയിലൂടെ 78000 കോടി രൂപ സമാഹരിക്കാനുള്ള കേന്ദ്രത്തിന്റെ ലക്ഷ്യം നടക്കില്ലെന്ന് ഏറെക്കുറെ ഉറപ്പായിട്ടുണ്ട്.മാർച്ച് ഒമ്ബതിനാണ് എൽഐസി ഐപിഒയ്ക്ക് സെബി അനുമതി നൽകിയത്. ഐപിഒയ്ക്ക് അനുമതി ലഭിച്ചിട്ടും പൂർണമായ കണക്കുകൾ വിശദീകരിക്കുന്ന രേഖ എൽഐസി സമർപ്പിക്കാൻ വൈകുകയാണ്. യുക്രൈൻ-റഷ്യ യുദ്ധത്തെ തുടർന്ന് വിപണിയിൽ ഉണ്ടായ ചാഞ്ചാട്ടമാണ് ഐപിഒ തിയതി പ്രഖ്യാപിക്കുന്നതിൽ നിന്ന് എൽഐസിയെ പിന്തിരിപ്പിക്കുന്ന ഘടകം. വിപണി സാഹചര്യങ്ങൾ നോക്കി പുതിയ തീയതികൾ പരിഗണിക്കാൻ സാധ്യതയുള്ളതായി എൽഐസിയിലെ ഒരു മുതിർന്ന ഉദ്യോഗസ്ഥനെ അധികരിച്ച് മാധ്യമങ്ങൾ നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നു. നിലവിലെ സാഹചര്യത്തിൽ എൽഐസി ഓഹരി വിൽപ്പനയിലൂടെ കേന്ദ്രം ലക്ഷ്യമിടുന്ന തുക ലഭിക്കില്ലെന്നാണ് വിദഗ്ധർ പറയുന്നത്. അധികൃതർ ഇന്ത്യയുടെ വോളറ്റൈൽ ഇൻഡക്സ് നിരീക്ഷിച്ചു വരുകയാണ്.യുക്രൈൻ-റഷ്യ യുദ്ധത്തെ തുടർന്ന് വിഐഎക്സ് കുത്തനെ ഉയർന്ന് 25 മുകളിൽ എത്തിയിരുന്നു. വിഐഎക്സ് 15 വരെ ഇടിഞ്ഞതിന് ശേഷമായിരിക്കും എൽഐസി ഐപിഒ തിയതി പ്രഖ്യാപിക്കുക. മെയ് 12ന് അപ്പുറത്തേക്ക് ഐപിഒ നീണ്ടാൽ എൽഐസിയുടെ മൂല്യം അടക്കമുള്ള കാര്യങ്ങൾ പുനർനിർണയിക്കേണ്ടി വന്നേക്കാം. കഴിഞ്ഞ സെപ്റ്റംബർ വരെയുള്ള കണക്കുകൾ പ്രകാരം 5.4 ട്രില്യൺ രൂപയായി ആണ് മൂല്യം കണക്കാക്കിയിരിക്കുന്നത്. കൂടാതെ ഐപിഒയ്ക്ക് അനുമതി തേടി വീണ്ടും സെബിയെ സമീപിക്കേണ്ടിവരും. എൽഐസി ഐപിഒയ്ക്കായി സമർപ്പിച്ച ഡ്രാഫ്റ്റ് പേപ്പർ അനുസരിച്ച് 31 കോടി ഓഹരികളാണ് വിൽക്കുന്നത്. പൂർണമായും ഓഫർ ഫോർ സെയിലിലൂടെയാണ് ഐപിഒ. എൽഐസിയുടെ അഞ്ച് ശതമാനം ഓഹരി വിൽപ്പനയിലൂടെ ഏകദേശം 63,000 കോടി രൂപ സമാഹരിക്കാനാണ് കേന്ദ്രം ലക്ഷ്യമിടുന്നത്. രാജ്യത്തെ ഏറ്റവും വലിയ ഐപിഒയ്ക്ക് ആണ് എൽഐസി ഒരുങ്ങുന്നത്.



# പി.എസ്.ജിയിൽ അതൃപ്തൻ, മെസ്സി ബാഴ്സയിലേക്ക് ; ചർച്ച തുടങ്ങിയെന്ന് റിപ്പോർട്ട്

ഒരു വർഷത്തെ ഇടവേളക്കു ശേഷം സൂപ്പർ താരം ലയണൽ മെസ്സി തന്റെ പഴയ തട്ടകമായ ബാഴ്സലോണയിലേക്ക് മടങ്ങാൻ ഒരുങ്ങുന്നതായി സൂചന. ലാലിഗയിലെ തന്റെ സ്കോറിങ് റേറ്റ് പി.എസ്.ജിയിൽ നിലനിർത്തുന്നതിൽ ബുദ്ധിമുട്ടുന്ന അർജന്റീനാ താരം, ചാമ്പ്യൻസ് ലീഗ് ക്വാർട്ടർ കാണാതെ ഫ്രഞ്ച് ക്ലബ്ബ് പുറത്തായതോടെയാണ് ചുവടുമാറ്റത്തെക്കുറിച്ച് ആലോചിക്കുന്നതെന്ന് വിവിധ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. മെസിയുടെ പിതാവും ഏജന്റുമായ ജോർജ് മെസി ബാഴ്സലോണയുമായി പ്രാഥമികഘട്ട ചർച്ച ആരംഭിച്ചുവെന്നും വരും ആഴ്ചകളിൽ ഇക്കാര്യത്തിൽ പുതിയ സംഭവവികാസങ്ങൾ ഉണ്ടാകുമെന്നും ഫുട്ബോൾ റിപ്പോർട്ടറായ ജെറാർഡ് റൊമേറോ പറയുന്നു.കഴിഞ്ഞ സീസൺ അവസാനത്തിലെ നാടകീയ സംഭവങ്ങൾക്കൊടുവിൽ ബാഴ്സ വിട്ട മെസി, പി.എസ്.ജിക്കു വേണ്ടി ഇതുവരെ ഏഴ് ഗോൾ മാത്രമാണ് നേടിയത്. പത്ത് ഗോളുകൾക്ക് വഴിയൊരുക്കി ഫ്രഞ്ച് ക്ലബ്ബിൽ തന്റെ പ്ലേമേക്കിങ് വൈദഗ്ധ്യം പ്രകടമാക്കുന്നുണ്ടെങ്കിലും ഈ ഫോമിൽ താരവും ആരാധകരും തൃപ്തരല്ല. അതിനിടെ, ആദ്യപാദം ജയിച്ചതിനു ശേഷം റയൽ മാഡ്രിഡിനോട് തോറ്റ് ചാമ്പ്യൻസ് ലീഗിൽ നിന്നു പുറത്താവുക കൂടി ചെയ്തത് കാര്യങ്ങൾ കൂടുതൽ സങ്കീർണമാക്കി.

# ചാമ്പ്യന്മാർക്ക് വിജയം കിട്ടാക്കനി, 20 വർഷത്തിനിടെ ഇംഗ്ലണ്ടിനെ ആദ്യമായി പരാജയപ്പെടുത്തി ദക്ഷിണാഫ്രിക്ക

വനിത ഏകദിന ലോകകപ്പിൽ വീണ്ടും തോൽവിയേറ്റ് വാങ്ങി നിലവിലെ ചാമ്പ്യന്മാരായ ഇംഗ്ലണ്ട്. ഇന്ന് 3 വിക്കറ്റ് വിജയം ദക്ഷിണാഫ്രിക്ക 4 പന്ത് ബാക്കി നിൽക്കവെ നേടിയപ്പോൾ അത് ചരിത്ര നിമിഷം കൂടിയായിരുന്നു.20 വർഷത്തിലാദ്യമായാണ് ദക്ഷിണാഫ്രിക്ക ഇംഗ്ലണ്ടിനെതിരെ വിജയം നേടുന്നത്.49ാം ഓവറിന്റെ രണ്ടാം പന്തിൽ 32 റൺസ് നേടിയ മരിസാന്നേ കാപ്പിന്റെ വിക്കറ്റ് നഷ്ടമായത് ദക്ഷിണാഫ്രിക്കൻ പ്രതീക്ഷകളെ ബാധിച്ചു. അപ്പോൾ പത്ത് പന്തിൽ പത്ത് റൺസായിരുന്നു ടീം നേടേണ്ടിയിരുന്നത്.പകരം ക്രീസിലെത്തിയ ഷബ്നിം ഇസ്മൈൽ നേരിട്ട ആദ്യ പന്തിൽ ബൗണ്ടറി നേടിയതോടെ ലക്ഷ്യം 9 പന്തിൽ ആറായി മാറി. ഓവറിൽ നിന്ന് 2 റൺസ് കൂടി വന്നപ്പോൾ അവസാന ഓവറിലെ ലക്ഷ്യം 4 റൺസായി മാറി.ലക്ഷ്യം രണ്ട് പന്തിൽ മറികടന്ന് ത്രിഷ ഷെട്ടിയും(13*) ഷബ്നിം ഇസ്മൈലും(5*) ചേർന്ന് ദക്ഷിണാഫ്രിക്കയ്ക്ക് ചരിത്ര നിമിഷം സമ്മാനിക്കുകയായിരുന്നു.ലോറ വോൾവാർഡ് 77 റൺസ് നേടിയാണ് ദക്ഷിണാഫ്രിക്കൻ ടോപ് ഓർഡറിൽ തിളങ്ങിയത്. സൂനേ ലൂസ് 36 റൺസും ടാസ്മിൻ ബ്രിട്ട്സ് 23 റൺസും നേടി നിർണ്ണായക സംഭാവനകൾ നൽകി.നേരത്തെ ആദ്യം ബാറ്റ് ചെയ്ത ഇംഗ്ലണ്ടിന് വേണ്ടി താമി ബ്യൂമോണ്ട്(62), ആമി എല്ലൻ ജോൺസ്(53) എന്നിവരുടെ ബാറ്റിംഗ് പ്രകടനം ആണ് ടീമിനെ 9 വിക്കറ്റ് നഷ്ടത്തിൽ 235 റൺസിലേക്ക് എത്തിച്ചത്.ദക്ഷിണാഫ്രിക്കയ്ക്കായി മാരിസാന്നേ കാപ്പ് 5 വിക്കറ്റ് നേടി. ച്ലോ ട്രയൺ 2 വിക്കറ്റും നേടി.

# ഐപിഎൽ 15: പുതിയ ജേഴ്സി കിറ്റ് പുറത്തിറക്കി ഗുജറാത്ത്

**അഹമ്മദാബാദ്:** അരങ്ങേറ്റ ഐപിഎല്ലിനുള്ള ജേഴ്സി കിറ്റ് പുറത്തിറക്കി പുതിയ ഫ്രാഞ്ചൈസിയായ ഗുജറാത്ത് ടൈറ്റൻസ്.അഹമ്മദാബാദ് നരേന്ദ്ര മോദി ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വച്ച് നടത്തിയ ചടങ്ങിലാണ് ജേഴ്സി അവതരിപ്പിച്ചത്. ക്യാപ്റ്റൻ ഹാർദ്ദിക് പാണ്ഡ്യ, കോച്ച് ആശിഷ് നെഹ്റ എന്നിവരും ജേഴ്സി അവതരിപ്പിക്കുന്ന ചടങ്ങിലുണ്ടായിരുന്നു. ടീമിന്റെ ലോഗോ നേരത്തെ തന്നെ പുറത്തിറക്കിയിരുന്നു.15 കോടി നൽകിയാണ് ഹാർദ്ദിക്കിനേയും അഫ്ഗാൻ സ്പിന്നർ റാഷിദിനേയും ഗുജറാത്ത് ടീമിലെത്തിച്ചത്. കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് റിലീസ് ചെയ്ത ശുഭ്മാൻ ഗില്ലിനെ എട്ട് കോടിക്കും ഗുജറാത്ത് ടീമിലെത്തിച്ചു.ഷമിക്ക് 6.5 കോടിയും കിവീസ് പേസർ ലോക്കി ഫെർഗൂസൺ 10 കോടിയുമാണ് ഗുജറാത്ത് മുടക്കിയത്. രാഹുൽ തെവാട്ടി, വിജയ് ശങ്കർ, മാത്യൂ വെയ്ഡ്, അൽസാരി ജോസഫ് എന്നിവരും ടീമിലുണ്ട്.അതേസമയം, ഐപിഎല്ലിൽ മികച്ച ക്യാപ്റ്റനാകാൻ ഹർദ്ദിക് പാണ്ഡ്യയ്ക്ക് കഴിയുമെന്ന് ഗുജറാത്ത് ടൈറ്റൻസിന്റെ ക്രിക്കറ്റ് ഡയറക്ടർ വിക്രം സോളങ്കി പറഞ്ഞു. ക്യാപ്റ്റനായി വിജയിക്കാനുള്ള ഘടകങ്ങൾ പാണ്ഡ്യയിൽ കാണാമെന്നും രോഹിത് ശർമ്മ, വിരാട് കോഹ്ലി, എംഎസ് ധോണി എന്നിവരിൽ നിന്ന് ഒട്ടേറെ കാര്യങ്ങൾ പാണ്ഡ്യ പഠിച്ചിട്ടുണ്ടെന്നും സോളങ്കി പറഞ്ഞു.



# സഹലിനെ മെച്ചപ്പെടുത്തിയതിന് ഇവാന് നന്ദി പറഞ്ഞ് സ്റ്റിമാച്ച്

കേരള ബ്ലാസ്റ്റേഴ്സിന്റെ യുവതാരം സഹൽ അബ്ദുൽ സമദിന്റെ ഈ സീസണിലെ മികച്ച പ്രകടനങ്ങളിൽ തനിക്ക് അതിയായ സന്തോഷം ഉണ്ട് ഇന്ത്യൻ പരിശീലകൻ ഇവാൻ സ്റ്റിമാച്.തന്റെ പ്രിയപ്പെട്ട താരങ്ങളെ ചോദിച്ചാൽ അതിൽ ഒരു താരമാണ് സഹൽ അബ്ദുൽ സമദ് എന്ന് സ്റ്റിമാച് ഇന്ന് പറഞ്ഞു. ഈ മാസം നടക്കുന്ന സൗഹൃദ മത്സരങ്ങൾക്കായി ഇന്ത്യയെ ഒരുക്കുകയാണ് സ്റ്റിമാച് ഇപ്പോൾ. സഹലും ഇന്ത്യൻ ടീമിൽ ഉണ്ട്. ഐ എസ് എൽ കഴിഞ്ഞാകും സഹൽ ഇന്ത്യൻ ക്യാമ്പിൽ ചേരുക.സഹൽ വളരെ മികച്ച താരമാണെന്ന് തനിക്ക് അറിയാമായിരുന്നു. അദ്ദേഹത്തിന് മികച്ച ടച്ചുകളും നല്ല ക്രിയേറ്റീവ് ചിന്തയും ഉണ്ട്. സ്റ്റിമാച് പറഞ്ഞു. സഹലിന്റെ മികവിൽ ആർക്കും സംശയം ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന് ടാലന്റ് ഉണ്ട് എന്ന് എല്ലാവർക്കും അറിയാമായിരുന്നു. ഇപ്പോൾ സഹൽ ആ കഴിവുകൾ നല്ല പ്രകടനമാക്കി മാറ്റാനുൻ തുടങ്ങി. സഹലിന്റെയും കേരള ബ്ലാസ്റ്റേഴ്സിന്റെയും മികവിന് ഇവാം വുകമാനോവിചിന് തനിക്ക് നന്ദി ഉണ്ട് എന്നും സ്റ്റിമാച് പറഞ്ഞു.

# ഓൾടൈം ഇന്ത്യൻ ഇലവനെ തിരഞ്ഞെടുത്ത് ഗൗതം ഗംഭീർ

**മുംബൈ:** ഇന്ത്യയുടെ ഓൾടൈം ഇലവനെ തിരഞ്ഞെടുത്ത് മുൻ ഇന്ത്യൻ ഓപ്പണർ ഗൗതം ഗംഭീർ. മുൻ സ്പിൻ ഇതിഹാസമായ അനിൽ കുംബ്ലെയെയാണ് ഗംഭീറിന്റെ ഓൾടൈം ഇലവനെ നയിക്കുക.തന്റെ ജീവൻ ആർക്കെങ്കിലും നൽകാൻ തയ്യാറാണെങ്കിൽ അതു കുംബ്ലെയ്ക്കായിരിക്കുമെന്നും ഓൾടൈം ഇന്ത്യൻ ഇലവനെ തിരഞ്ഞെടുക്കുന്നതിനിടെ ഗംഭീർ പറഞ്ഞു. അതേ സമയം, മികച്ച ഫോമിൽ തുടരുന്ന ഒരുപിടി നല്ല താരങ്ങൾക്ക് ടീമിൽ ഇടം നേടാനായില്ല.ഗംഭീറിന്റെ ഓൾടൈം ഇലവനിൽ നിന്നും തഴയപ്പെട്ട പ്രമുഖ താരങ്ങളിലൊരാൾ നിലവിലെ ക്യാപ്റ്റൻ രോഹിത് ശർമയാണ്. മുൻ നായകൻ സൗരവ് ഗാംഗുലിക്കും ഇടമില്ല. മുൻ ഇതിഹാസ ഓൾറൗണ്ടർ യുവരാജ് സിങ്, ആധുനിക ക്രിക്കറ്റിലെ ഏറ്റവും മികച്ച പേസറായ ജസ്പ്രീത് ബുംറ എന്നിവർക്കും ഇലവനിൽ ഇടം ലഭിച്ചില്ല.ഇന്ത്യയ്ക്ക് രണ്ടു ലോകകപ്പുകളടക്കം മൂന്നു ഐസിസി ട്രോഫികൾ നേടിത്തന്ന ക്യാപ്റ്റനായിട്ടും എംഎസ് ധോണിക്കു പകരം അനിൽ കുംബ്ലെയ്ക്കു ക്യാപ്റ്റൻസി നൽകാനുള്ള കാരണവും ഗംഭീർ വെളിപ്പെടുത്തി. 'ദേശീയ ടീമിന്റെ ഭാഗമായിരുന്നപ്പോൾ ഒരിക്കൽ ഞാനും വീരേന്ദർ സെവാഗും ഡിന്നർ കഴിച്ചുകൊണ്ടിരിക്കെ അനിൽ കുംബ്ലെ അവിടേക്കു വന്നു. എന്തു തന്നെ സംഭവിച്ചാലും, എട്ടു ഡെക്കുകൾ നേടിയാലും ഈ പരമ്പരയിൽ നിങ്ങൾ തന്നെയായിരിക്കും ഓപ്പൺ ചെയ്യുകയെന്നു കുംബ്ലെ അന്ന് പറഞ്ഞിരുന്നു'.മുൻ ബാറ്റിംഗ് ഇതിഹാസം സുനിൽ ഗവാസ്കറും വെടിക്കെട്ട് ബാറ്റ്സ്മാനായ വീരേന്ദർ സെവാഗുമാണ് ഗൗതം ഗംഭീറിന്റെ ഓൾടൈം ഇലവന്റെ ഓപ്പണർമാർ. മൂന്ന്, നാല് പൊസിഷനുകളിൽ കളിക്കുക രാഹുൽ ദ്രാവിഡ്, സച്ചിൻ ടെണ്ടുൽക്കർ എന്നിവരായിരിക്കും. അഞ്ചാം നമ്പറിൽ വിരാട് കോഹ്ലിയാണ്.മുൻ ഇതിഹാസ നായകൻ കൂടിയായ കപിൽ ദേവാണ് ഇലവനിലെ ഒരേയൊരു ഓൾറൗണ്ടർ.

# ടോറസിന് ഡബിൾ; സാവിയുടെ ശിഷ്യർ ലാ ലിഗയിൽ മൂന്നിൽ

ക്യാംപ് നൗ: സ്പാനിഷ് ലീഗിലെ ബാഴ്സലോണയുടെ വിജയകുതിപ്പ് തുടരുന്നു.ഇന്ന് 11ാം സ്ഥാനത്തുള്ള ഒസാസുനയെ എതിരില്ലാത്ത നാല് ഗോളിനാണ് ബാഴ്സലോണ പരാജയപ്പെടുത്തിയത്.ലീഗിലെ ബാഴ്സയുടെ തുടർച്ചയായ നാലാം ജയമാണ്. ജയത്തോടെ കോച്ച് സാവിയുടെ ശിഷ്യർ ലീഗിൽ മൂന്നാം സ്ഥാനത്തെത്തി. ഫെറാൻ ടോറസ് മൽസരത്തിൽ ഇരട്ട ഗോൾ നേടി. ഒബമായെങ്, പുഗി മാർട്ടി എന്നിവരും ഇന്ന് കറ്റാലൻസിനായി സ്കോർ ചെയ്തു. രണ്ട് ഗോളുകൾക്ക് വഴിയൊരുക്കിയത് ഉസ്മാനെ ഡെംബലെയാണ്.മറ്റൊരു മൽസരത്തിൽ റയോ വാൽക്കാനോ സെവിയ്യയെ 1-1 സമനിലയിൽ പിടിച്ചു. ലീഗിൽ സെവിയ്യ രണ്ടാം സ്ഥാനത്താണ്. അത്ലറ്റിക്കോ ബിൽബാവോ റയൽ ബെറ്റിസിനോട് എതിരില്ലാത്ത ഒരു ഗോളിന്റെ പരാജയം ഏറ്റുവാങ്ങി.

EDITORS CHOICE





# യുക്രൈൻ യുദ്ധഭൂമിയിലേക്ക് രക്ഷയ്ക്കെത്തിയത് ഇരുപത്തിനാലുകാരി; പറന്നിറങ്ങിയത് ആറു തവണ

യുക്രൈൻ യുദ്ധഭൂമിയിൽ നിന്നുള്ള വാർത്തകൾക്ക് കാതോർത്തിരിക്കുകയാണ് ലോകം മുഴുവനും. രക്ഷയ്ക്കായും രക്ഷപെടാനുള്ള ശ്രമത്തിലുമാണ് മിക്കവരും. റഷ്യക്കെതിരെ യുക്രൈനിനൊപ്പം യുദ്ധം ചെയ്യാൻ ഇറങ്ങിയവരെയും യുദ്ധഭൂമിയിൽ ഒറ്റപ്പെട്ടുപോയവർക്ക് അഭയം നൽകിയവരെ കുറിച്ചെല്ലാം നമ്മൾ കേട്ടറിഞ്ഞു. ഒരു ലോകം യുക്രൈൻ ജനതയ്ക്കൊപ്പം നിൽക്കുന്ന കാഴ്ച. ഈ സമയത്ത് ചരിത്രത്തിൽ ഇടം നേടിയിരിക്കുകയാണ് ഒരു ഇരുപത്തിനാലുകാരി. കൊൽക്കത്ത സ്വദേശി മഹാശ്വേത ചക്രവർത്തിയാണ് അത്തരമൊരു ചരിത്രത്തിന്റെ ഭാഗമായിരിക്കുന്നത്. ഇൻഡിഗോ എയർലൈൻസിന്റെ പൈലറ്റാണ് മഹാശ്വേത. പതിവുപോലെ ഡ്യൂട്ടിയിൽ റിപ്പോർട്ട് ചെയ്യാൻ എത്തിയെങ്കിലും അന്ന് കുറിയ്ക്കാൻ പോകുന്നത് ഒരു ചരിത്രമാണെന്ന് ഒരുപക്ഷെ മഹാശ്വേത ചിന്തിച്ചുകാണില്ല.യുദ്ധം തകർത്ത യുക്രൈൻ മണ്ണിൽ നിന്ന് 800 ഇന്ത്യൻ വിദ്യാർത്ഥികളെയാണ് ഈ ഇരുപത്തിനാലുകാരി ഇന്ത്യയിലെത്തിച്ചത്. ഓപ്പറേഷൻ ഗംഗയുടെ ഭാഗമായാണ് മഹാശ്വേത യുക്രൈയ്നിലെ പോളിഷ്, ഹംഗേറിയൻ അതിർത്തികളിൽ നിന്നാണ് വിദ്യാർത്ഥികളെ രക്ഷപെടുത്തിയത്. ഫെബ്രുവരി 27 നും മാർച്ച് 7 നും ഇടയിൽ ആറ് ഇവാക്വേഷൻ വിമാനങ്ങളാണ് പറത്തിയത്. നാല് തവണ പോളണ്ടിൽ നിന്നും രണ്ടുതവണ ഹംഗറിയിൽ നിന്നും.ഇതൊരു ജീവിതകാലത്തെ എന്റെ ഏറ്റവും വലിയ അനുഭവങ്ങളിൽ ഒന്നാണ്. കൗമാരത്തിന്റെ അവസാനത്തിലും ഇരുപതുകളുടെ തുടക്കത്തിലുമുള്ള ആ വിദ്യാർത്ഥികളെ രക്ഷിക്കാൻ സാധിച്ചത് വലിയൊരു നേട്ടമായി കാണുന്നു എന്നാണ് മഹാശ്വേത മാധ്യമങ്ങളോട് പറഞ്ഞത്. കൊവിഡ് -19 ന്റെ പ്രാരംഭഘട്ടത്തിൽ നടത്തിയ വന്ദേ ഭാരത് ഓപ്പറേഷന്റെ ഭാഗമായിരുന്നു മഹാശ്വേത. യുക്രൈൻ യുദ്ധഭൂമിയിൽ നിന്ന് രക്ഷപെട്ട അയൽ രാജ്യങ്ങളിൽ രക്ഷനേടിയ ഇന്ത്യക്കാരെ തിരിച്ച് ഇന്ത്യയിൽ എത്തിക്കാൻ ഭൂരിഭാഗം സർവീസുകളും നടത്തിയത് ഇൻഡിഗോയാണെന്നാണ് റിപ്പോർട്ടുകൾ. റിപ്പോർട്ടുകൾ പ്രകാരം 77 വിമാനങ്ങങ്ങളാണ് ഇന്ത്യയിൽ നിന്ന് യുദ്ധഭൂമിയിൽ കുടുങ്ങികിടക്കുന്നവരെ രക്ഷിക്കാൻ യുക്രൈന്റെ അതിർത്തിയിലേക്ക് പറന്നത്.






RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com